മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യം നമ്പർ *601

സൈബർ കുറ്റകൃത്യങ്ങൾ

1 (*601) ശ്രീ. പി. കെ. കുഞ്ഞാലുക്കുട്ടി:
ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യത്യസ്ത രീതിയിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ ഐ.റ്റി. മേഖല കൂടുതൽ ശക്തിപ്പെടുത്തുന്നതിനും ആധുനീകരണ, ഗവേഷണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിനുമുള്ള പദ്ധതികൾ പരിഗണനയിലുണ്ടോ; വിശദമാക്കുമോ;

(ബി) സൈബർ കുറ്റകൃത്യങ്ങളുടെ അന്വേഷണത്തിൽ ഐ.റ്റി. വിഭാഗത്തിന്റെ സേവനം ഉപയോഗപ്പെടുത്താറുണ്ടോ;

(സി) ഐ.റ്റി. രംഗത്ത് അതിവേഗത്തിൽ ഉണ്ടാകുന്ന മാറ്റങ്ങൾക്കൊപ്പം സംസ്ഥാനത്തിന്റെ ഐ.റ്റി. വിഭാഗത്തേയും സൈബർ കുറ്റാന്വേഷണ വിഭാഗത്തേയും സജ്ജമാക്കാൻ ആവശ്യമായ പരിഷ്കരണ നടപടികൾ സ്വീകരിക്കുമോ?

മുഖ്യമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, പരിഗണനയിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുകയെന്ന ലക്ഷ്യത്തോടെ എല്ലാ ജില്ലകളിലും സൈബർ സെല്ലുകൾ പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ട്. ഇതിനുപുറമെ, പോലീസ് ആസ്ഥാനത്ത് ഒരു ഹൈടെക് എൻക്വയറി സെല്ലും പ്രവർത്തിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ ശാസ്ത്രീയമായി തെളിയിക്കുന്നതിനാവശ്യമായ സൈബർ ഫോറൻസിക് ടൂളുകൾ ഉപയോഗിച്ചുവരുന്നു. സൈബർ കുറ്റകൃത്യങ്ങൾ അന്വേഷിച്ച് കണ്ടെത്തുന്നതിന് ഒരു സീനിയർ പോലീസ് ഉദ്യോഗസ്ഥന്റെ നേതൃത്വത്തിൽ സൈബർ കുറ്റാന്വേഷണ വിഭാഗം രൂപീകരിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലാണ്. കുറ്റകൃത്യങ്ങൾ തടയുന്നതിന് ആധുനിക സൗകര്യങ്ങളോടുകൂടി സൈബർ ഡോം ടെക്നോപാർക്കിൽ നിലവിലുണ്ട്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് കൂടുതൽ പദ്ധതികൾ ആവിഷ്കരിക്കുന്നതാണ്.

(ബി) C-DAC, CERT-K, FSL, IT Mission, Cyber Dom എന്നീ

ആധുനിക സാങ്കേതിക വിഭാഗങ്ങളുടെ സേവനം ഉപയോഗപ്പെടുത്താറുണ്ട്.

(സി) പോലീസ് സേനയ്ക്ക് ആവശ്യമായ ആധുനിക സോഫ്റ്റ്‌വെയർ, മൊബൈൽ ആപ്ലിക്കേഷൻ എന്നിവ വികസിപ്പിക്കുന്നതിന് ആവശ്യമായ സാങ്കേതിക സഹായം സൈബർ ഡോം നൽകിവരുന്നു. ഈ കാലയളവിനുള്ളിൽ സൈബർ ഡോം ട്രാഫിക് സുരക്ഷയെ മുൻനിർത്തി Think Traffic Mobile Application വികസിപ്പിച്ചിട്ടുള്ളതും Reserve Bank of India-യുമായി ചേർന്ന് ATM/OTP/Mobile wallet തട്ടിപ്പ് എന്നിവ തടയുന്നതിനു വേണ്ടിയുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കൂടുതൽ പരിഷ്കരണ നടപടികൾ ഗൗരവതരമായി ആലോചനയിലുണ്ട്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, സൈബർ കുറ്റകൃത്യങ്ങൾ ആഗോളതലത്തിൽ ജനങ്ങൾക്കും പോലീസിനും വെല്ലുവിളി സൃഷ്ടിക്കുകയാണ്. തീവ്രവാദം മുതൽ കുടുംബ ബന്ധങ്ങളുടെ ശിഥിലീകരണം വരെ അതിർവരമ്പുകളില്ലാതെ ഇത്തരം കുറ്റകൃത്യങ്ങൾ വ്യാപിച്ചിരിക്കുന്നു. നമ്മുടെ നാട്ടിൽ ഈ അടുത്തകാലത്തായി എ.ടി.എം. തട്ടിപ്പുകളും എ.ടി.എം. കവർച്ചയുമൊക്കെ വ്യാപകമായിക്കൊണ്ടിരിക്കുകയാണ്. ഇത്തരം കുറ്റകൃത്യങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനും സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും നിലവിലുള്ള

പോലീസ് ആക്റ്റിൽ എന്തെങ്കിലും പരിമിതികൾ നിലവിലുണ്ടോ; എങ്കിൽ ഇത് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്? ഇത്തരം പരിമിതികൾ തരണം ചെയ്യുന്നതിന് ആവശ്യമായ ഭേദഗതികൾ ബന്ധപ്പെട്ട ആക്റ്റിൽ കൊണ്ടുവരാൻ സർക്കാർ മുന്നോട്ടുവരുമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, കേവലം കേരളത്തിലെ പോലീസ് ആക്റ്റ് ഉപയോഗിച്ചല്ല സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നത്. അതിന് പ്രത്യേകം നിയമമുണ്ട്. 2000-ൽ ഇന്ത്യൻ പാർലമെന്റ് പാസ്സാക്കിയ The Information Technology Act-ഉം 2008-ൽ കൊണ്ടുവന്ന ഭേദഗതിയുമാണ് പ്രധാനമായുള്ളത്. സൈബർ കേസുകൾ അന്തർ ദേശീയ സ്വഭാവം കൂടിയുള്ളതാണ്. അന്തർദേശീയ അടിസ്ഥാനത്തിൽ ഇത്തരം കുറ്റങ്ങൾ രാജ്യങ്ങളെ തമ്മിൽ കോർഡിനേറ്റ് ചെയ്യുന്ന കാര്യമായ നിയമങ്ങളൊന്നും ഇപ്പോൾ നിലവിലില്ല. ഇന്ത്യാ ഗവൺമെന്റുതന്നെ കുറച്ച് രാജ്യങ്ങളുമായി മാത്രമേ international law-ലെ Extradition treaty ഒപ്പിട്ടിട്ടുള്ളൂ. ലോകത്തെ ഒരു രാജ്യവും എല്ലാ രാജ്യങ്ങളുമായി Extradition treaty ഒപ്പിട്ടിട്ടില്ല. അത് എളുപ്പമല്ല. കാരണം അമേരിക്കയുടെ നയമാണ്. അവർക്ക് ബുദ്ധിമുട്ടുള്ള രാജ്യങ്ങളുമായി അവർ ഒപ്പിടില്ല. അങ്ങനെ ഒത്തിരി പ്രശ്നങ്ങളുണ്ട്. അതുകൊണ്ട് The Information Technology Act,

2000-ഉം 2008-ലെ ഭേദഗതിയുടെ അടിസ്ഥാനത്തിലുമാണ് നടപടികളെടുക്കുന്നത്. പോലീസും അതിനോടൊപ്പം നടപടി എടുക്കാറുണ്ട്. പോലീസ് നിയമത്തിലും ചില കാര്യങ്ങളുണ്ട്. ശക്തമായ നടപടി എടുത്തുവരികയാണ്. പോലീസ് സ്റ്റേഷനുണ്ട്, സൈബർ ഡോം ഉണ്ട്, കേന്ദ്രത്തിൽ വേറെ സംവിധാനവുമുണ്ട്. സാമാന്യം ഏറ്റവും തൃപ്തികരമായ ഒരു സംവിധാനമാണ് കേരളത്തിലുള്ളത്. കാരണം, തിരുവനന്തപുരത്ത് നടന്ന ഹൈടെക് തട്ടിപ്പിൽ ഏതാനും ദിവസത്തിനുള്ളിൽത്തന്നെ റുമാനിയക്കാരെ പിടികൂടിയെന്നത് കേരളാ ഗവൺമെന്റിന്റെ/സൈബർ സെല്ലിന്റെ തൂവലിലെ വലിയ ഒരു പൊൻതൂവൽ തന്നെയാണ്.

<u>ശ്രീ. പി. ഉബൈദുള്ള:</u> സർ, സംസ്ഥാനത്ത് ഒളിക്യാമറ വിപണനം ചെയ്യുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരം ക്യാമറകൾ വഴി വ്യക്തികൾ അറിയാതെ സ്വകാര്യ ദൃശ്യങ്ങൾ പകർത്തുന്ന തരത്തിലുള്ള കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. ഇത്തരം ക്യാമറകൾ വാങ്ങുന്നതിനും വിൽക്കുന്നതിനും എന്തെങ്കിലും നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഉദ്ദേശ്യശുദ്ധി ബോദ്ധ്യപ്പെടാതെ ഇത്തരം ക്യാമറകൾ വിൽക്കുന്നത് കുറ്റകൃത്യങ്ങൾ പെരുകുന്നതിന് ഇടയാക്കുന്നുണ്ടെന്നത് സർക്കാർ ഗൗരവമായി

കാണുന്നുണ്ടോ; എങ്കിൽ സ്വകാര്യ വ്യക്തികൾക്കും ഉദ്ദേശ്യശുദ്ധി ബോദ്ധ്യപ്പെടാതെ മറ്റുള്ള സ്ഥാപനങ്ങൾക്കും ഒളിക്യാമറകൾ വിപണനം ചെയ്യുന്നതിന് എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്താൻ സർക്കാർ മുന്നോട്ടുവരുമോ?

ശ്രീ. ജി. സുധാകരൻ: സർ, ഒളിക്യാമറകൾ എന്ന അർത്ഥത്തിലുള്ള ക്യാമറകൾ ഒന്നും വിൽക്കാൻ ഗവൺമെന്റ് സമ്മതിക്കാറില്ല. നിയമത്തിന് വിപരീതമായി നിയമത്തെ ലംഘിച്ചുകൊണ്ട് ഒളിച്ച് ചില കാര്യങ്ങൾ പകർത്തുന്നതിനുവേണ്ടിയാണല്ലോ അത്. അതെല്ലാം അതീവ ഗൗരവതരമായ കുറ്റകൃത്യങ്ങളാണ്. അത് ഗവൺമെന്റ് പ്രോത്സാഹിപ്പിക്കാറില്ല. ഇത്തരത്തിലുള്ള കാര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ ശക്തമായ നടപടികൾ എടുത്തുവരികയാണ്. അങ്ങനെ ഉണ്ടാക്കുകയോ വിതരണം ചെയ്യുകയോ ചെയ്യുന്ന ശക്തികളെപ്പറ്റി റിപ്പോർട്ട് തരികയോ ഗവൺമെന്റിന്റെ രഹസ്യ പോലീസിന് വിവരം കിട്ടുകയോ ചെയ്താൽ ശക്തമായ നടപടി സ്വീകരിക്കും. ക്രൈംസിന് എതിരായുള്ള നിലപാടുതന്നെയാണ് അതിനും സ്വീകരിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, സൈബർ കുറ്റാന്വേഷണ നടപടികൾ വളരെ ശക്തമാക്കണമെന്നാണ് ഓരോ ദിവസവും നമ്മുടെ നാട്ടിൽ നടക്കുന്ന

സംഭവങ്ങൾ നമ്മളോട് ആവശ്യപ്പെടുന്നത്. ഇന്നത്തെ മാതൃഭൂമി പത്രത്തിൽ പെരുമ്പാവൂർ നിന്നുള്ള ഒരു വാർത്തയുണ്ട്. ഒരു പാർട്ടി സെക്രട്ടറി തന്റെ നഗ്നമായ ഫോട്ടോ എടുത്ത് വാട്സ്-ആപ്പിലൂടെ പ്രചരിപ്പിച്ചത് വളരെ വിവാദമായിരിക്കുകയാണ്. നമ്മുടെ കുറ്റാന്വേഷണ നടപടികൾ വളരെ ഊർജ്ജിതമാക്കണമെന്നാണ് അതൊക്കെ സൂചിപ്പിക്കുന്നത്. എനിക്ക് ചോദിക്കാനുള്ളത്, പോലീസ് ഉദ്യോഗസ്ഥർക്ക് 2010-നുശേഷം നല്ല രീതിയിലുള്ള ഐ.ടി. കോഴ്സുകൾ ഇല്ല. ജനങ്ങൾക്കായാലും പോലീസിനായാലും ബോധവൽക്കരണ ക്ലാസ്സുകൾ നൽകാൻ സർക്കാരിന്റെ ഭാഗത്തുനിന്നും വേണ്ടത്ര പ്രോത്സാഹനം ഇപ്പോൾ നൽകാറില്ല. മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിനുതന്നെ വിദേശത്തുനിന്നും അദ്ദേഹത്തെ വധിക്കുമെന്ന് പറഞ്ഞ് ഒരു കോൾ വന്നു. നമ്മുടെ സംസ്ഥാനത്ത് ഇന്റർനെറ്റ് കോളുകൾ ട്രെയ്സ് ചെയ്യാനുള്ള സംവിധാനം ഇല്ല. അതേക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. മറ്റൊരു പ്രധാനപ്പെട്ട കാര്യം, നമ്മുടെ സൈബർ സെല്ലിൽ ഐ.ടി. സ്പെഷ്യലിസ്റ്റിനെ നിയമിക്കേണ്ടത് വളരെ അനിവാര്യമായിരിക്കുന്നു. സർക്കാർ അതിനെക്കുറിച്ച് ആലോചിക്കുമോയെന്നാണ്. അതുപോലെതന്നെ സൈബർ പോലീസ് സ്റ്റേഷൻ

നമ്മുടെ സംസ്ഥാനത്ത് തിരുവനന്തപുരത്തുണ്ട്. എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കുവാൻ സർക്കാർ ആലോചിക്കുമോയെന്നാണ് എനിക്ക് ചോദിക്കാനുള്ളത്?

ശ്രീ. ജി. സുധാകരൻ: സർ, സൈബർ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് അടിസ്ഥാനത്തിൽ നന്നായി പ്രവർത്തിക്കുന്നുണ്ട്. പോലീസ് ട്രെയിനിംഗ് കോളേജിന്റെ രണ്ടാം നിലയിലാണ് പ്രവർത്തിക്കുന്നത്. അതിന്റെ ഇൻസ്റ്റലേഷൻ പോലുള്ള കാര്യങ്ങളുടെ ഉത്തരവാദിത്തം പൊതുമേഖലാ സ്ഥാപനമായ കെൽട്രോണിനാണ്. സൈബർ കുറ്റങ്ങൾ കുറച്ച് വർദ്ധിക്കുന്നുണ്ടെന്ന കാര്യം ശരിയാണ്. ലോകത്തെല്ലാം വർദ്ധിക്കുന്നുണ്ട്. ഒരു മൂന്നാം ലോക രാജ്യമായ ഇന്ത്യയിൽ സ്വാഭാവികമായും അതിന്റെ വർദ്ധനവുണ്ട്. പക്ഷെ എല്ലാ ജില്ലകളിലും സൈബർ പോലീസ് സ്റ്റേഷൻ സ്ഥാപിക്കാൻ ഇപ്പോൾ തീരുമാനിച്ചിട്ടില്ല. അത് ആവശ്യമുണ്ടെങ്കിൽ പരിഗണിക്കാൻ ആഭ്യന്തര വകുപ്പിനോട് പറയാവുന്നതാണ്. അങ്ങ് പറഞ്ഞതുപോലെ ഫേസ്ബുക്കിലൊക്കെ ശരിയല്ലാത്ത ഒരുപാട് കാര്യങ്ങൾ വരികയാണ്. ഫേസ്ബുക്കിന് രണ്ട് ഗുണമുണ്ടെന്ന് എല്ലാവർക്കുമറിയാം. സാമൂഹികമായി കാര്യങ്ങൾ വേഗം ആശയവിനിമയം നടത്താൻ സാധിക്കുമെന്നതാണ് മറ്റ് പ്രിന്റ്

മീഡിയയിൽ നിന്നുള്ള വ്യത്യാസം. പ്രിന്റ് മീഡയയ്ക്കാണ് വിശ്വാസ്യത. മറ്റുള്ളവയ്ക്ക് കുറച്ച് ചായ്‌വും ചരിവുമൊക്കെ വന്നാലും പ്രിന്റ് മീഡിയയാണ് വിശ്വാസ്യതയുള്ള മേഖല. ടെലിവിഷനുപോലും അത്ര വിശ്വാസ്യതയില്ല. ഫേസ്ബുക്കിന് അത്രപോലുമില്ല. നല്ല നല്ല കാര്യങ്ങൾ ഫേസ്ബുക്കിൽ അവതരിപ്പിക്കാൻ നമുക്ക് കഴിയും. നല്ല കാര്യങ്ങൾക്കൊക്കെ വലിയ തരത്തിലുള്ള സപ്പോർട്ടാണ് വരുന്നതെന്ന് അങ്ങേയ്ക്കുമറിയാം. മറ്റ് തരത്തിലുള്ള കാര്യങ്ങളെപ്പറ്റി ഗവൺമെന്റ് ആലോചിച്ചിട്ടില്ല. സൈബർ കുറ്റങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇന്ത്യയിലെ ഏറ്റവും മികച്ച സ്റ്റേറ്റാണ് കേരളമെന്നും ബന്ധപ്പെട്ട പോലീസ് ഓഫീസർമാരെയും സമ്മതിക്കാതിരിക്കാൻ കഴിയില്ല. ഐ.ടി. പരിജ്ഞാനമുള്ളവരെത്തന്നെയാണ് അവിടെ വച്ചിരിക്കുന്നത്. ഇനി ആവശ്യമുണ്ടെങ്കിൽ അത് ഗവൺമെന്റ് പരിഗണിക്കുന്നതാണ്. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ പ്രശ്നം ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് ശരിയായിരുന്നു. അത് ഗൗരവതരമായി അന്വേഷിച്ചുവരികയാണ്. അതിന്റെ ആളെ ഏകദേശം......... അയാളുതന്നെ സമ്മതിച്ചിരിക്കുയാണ്. എല്ലാവർക്കും അയക്കുന്ന ആളാണെന്നാണ് പറയുന്നത്. ഏതായാലും നടപടിയെടുക്കേണ്ട കാര്യമാണ്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:</u> സർ, ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ തന്നെ സൈബർ കുറ്റകൃത്യങ്ങൾക്കെതിരെ കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി തിരുവനന്തപുരത്ത് ഒരു സൈബർ പോലീസ് സ്റ്റേഷൻ പ്രവർത്തിച്ചുവരുന്നുണ്ടെന്ന് പറയുന്നു. ഇന്നത്തെ മാധ്യമം പത്രത്തിൽ, അതീവ സുരക്ഷ പുലർത്തേണ്ട തിരുവനന്തപുരത്തെ സൈബർ പോലീസ് സ്റ്റേഷൻ തീരെ സുരക്ഷിതമല്ലാതെയാണ് പ്രവർത്തിക്കുന്നതെന്നും സൈബർ പോലീസ് സ്റ്റേഷനുമായി ബന്ധപ്പെട്ടുകൊണ്ട് പ്രവർത്തിക്കുന്ന സെർവ്വറുകൾ പരിപാലനം നടത്താൻ പുറം കാരാറുകാർക്കാണ് നൽകിയിട്ടുള്ളതെന്നും പത്രിങ്ങളിൽതന്നെ വാർത്തകളിലൂടെ പറയുന്നു. പ്രസ്തുത അപാകതകൾ പരിഹരിക്കാനും ഇൻഫർമേഷൻ ടെക്നോളജി, ഇൻഫർമേഷൻ കമ്മ്യൂണിക്കേഷൻ ടെക്നോളജി എന്നിവ ഉപയോഗിച്ചുള്ള സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിക്കാമോ?

<u>ശ്രീ. ജി. സുധാകരൻ:</u> സർ, മാധ്യമം വാർത്ത ശ്രദ്ധയിൽപ്പെടുകയുണ്ടായി. സ്വന്തം ലേഖകന്റെ ഒരു വാർത്തയാണ്. അതിൽ ഞാൻ ഇവിടെ പറഞ്ഞതുപോലെ പോലീസ് ട്രെയിനിംഗ് കോളേജിന്റെ രണ്ടാം നിലയിലാണെന്ന് ആ റിപ്പോർട്ടിലും പറയുന്നുണ്ട്. അതിന്റെ ഇൻസ്റ്റലേഷൻ

ഉത്തരവാദിത്തം കെൽട്രോണിനാണെന്ന് പറയുന്നുണ്ട്. പക്ഷെ കെൽട്രോൺ അത് സ്വകാര്യ ഏജൻസിക്ക് സബ് കോൺട്രാക്ട് കൊടുത്തുവെന്നമാണ് ഇതിനകത്തുള്ളത്. അതുകൊണ്ട് അതിന്റെ പണിക്കാർ വരും. ഇത്തരം കാര്യങ്ങളെപ്പറ്റിയാണ്. തീർച്ചയായും പോലീസ് പൊതുവിലും സുരക്ഷാ വിഭാഗം പ്രത്യേകിച്ചും അത് പരിശോധിക്കുന്നുണ്ട്. അപരിചിതരായ ആളുകൾക്ക് അവിടെ പ്രവേശിക്കാൻ കഴിയുമെന്നും കയറിയിറങ്ങി നടക്കാൻ കഴിയുമെന്നും കരുതുന്നില്ല. ഇൻസ്റ്റലേഷൻ ഉണ്ടെങ്കിൽ സ്വാഭാവികമായും ഗവൺമെന്റ് ഉദ്യോഗസ്ഥരല്ല ഇൻസ്റ്റാൾ ചെയ്യുന്നത്. എല്ലാ ഹൈടെക് സ്ഥാപനങ്ങളിലും വേറെ ആളുകളാണ് ചെയ്യുന്നത്. അതിന്റേതായ സുരക്ഷിതത്വം ഉണ്ടാകും. സുരക്ഷിതത്വത്തിന് തകരാറായ ഒന്നുംതന്നെ അവിടെ സംഭവിച്ചിട്ടില്ല. എന്നാൽ സൈബർ പോലീസ് സ്റ്റേഷനെ....... സൈബർ ഡോം ടെക്നോപാർക്കിലാണ്. അതിനെ സ്വകാര്യ മേഖലയുമായി കൊളാബൊറേഷൻ നടത്തുമെന്നാണ് റിപ്പോർട്ടിൽ പറയുന്നത്. അവിടെയുള്ള സൗകര്യങ്ങൾ ഇവിടെയും ഏർപ്പെടുത്തിയാൽ ഒരുപാട് മെച്ചമുണ്ടാകുന്നതാണ്. ഇത് ഗവൺമെന്റ് പരിശോധിക്കുന്നതാണ്.

ശ്രീ. സി. ദിവാകരൻ: സർ, നേരത്തേ പല അംഗങ്ങളും പറഞ്ഞതുപോലെ ഇവിടെ വിവിധ തരത്തിലുള്ള സൈബർ കുറ്റകൃത്യങ്ങൾ വർദ്ധിച്ചുവരികയാണ്. സർക്കാർ വെബ്സൈറ്റുതന്നെ ഹാക്ക് ചെയ്യപ്പെടുന്നു. സർക്കാർ വെബ്സൈറ്റ് ഹാക്ക് ചെയ്താൽ ആകെ തകിടം മറിയും. എ.ടി.എം. കവർച്ച, സ്ത്രീകളെ ആത്മഹത്യയിലേയ്ക്ക് പ്രേരിപ്പിക്കുന്ന തരത്തിലുള്ള സംഭവങ്ങൾ എന്നിവയെല്ലാം നടക്കുന്നു. സാമൂഹ്യദ്രോഹ നടപടികൾക്കുവേണ്ടിയാണ് ഇൻഫർമേഷൻ ടെക്നോളജിയുടെ വളർച്ചയെ ഇപ്പോൾ കൂടുതലും ഉപയോഗിക്കുന്നത്. അതിനെ തടയുകയാണ് സൈബർ സെല്ലിന്റെ ഉദ്ദേശ്യം. കേരളത്തിൽ വർദ്ധിച്ചുവരുന്ന സൈബർ കുറ്റകൃത്യങ്ങളെ സമ്പൂർണ്ണമായി നിയന്ത്രിക്കുന്നതിനായി പോലീസിന് സമാന്തരമായ ഒരു ഡിപ്പാർട്ടുമെന്റും പ്രത്യേകമായ സംവിധാനങ്ങളും അതിന് ഒരു തലവനേയും ജീവനക്കാരെയും സൃഷ്ടിക്കാൻ ഗവൺമെന്റ് നടപടിയെടുക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം?

ശ്രീ. ജി. സുധാകരൻ: സർ, സൈബർ സെല്ലിന് ഒരു ഉയർന്ന ഉദ്യോഗസ്ഥനുണ്ട്. പ്രത്യേക വകുപ്പാക്കാൻ കഴിയുമോയെന്നുള്ള കാര്യം സംശയമാണ്. ഇത് ആഭ്യന്തര വകുപ്പിന്റെ കീഴിൽ വരുന്ന സ്ഥാപനമാണ്. ഇതിനുമാത്രമായി ഒരു വകുപ്പുണ്ടാക്കാൻ സാധിക്കില്ല. പക്ഷെ, ഇതിനെത്തന്നെ

കൂടുതൽ ശക്തവും ദൃഢവുമായ സംവിധാനമാക്കി മാറ്റുന്ന കാര്യം സർക്കാർ പരിശോധിക്കുന്നതാണ്. അങ്ങ് പറഞ്ഞത് ശരിയാണ്, കഴിഞ്ഞ നാലു വർഷം (2013-2016) 1,273 സൈബർ കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്. അതിൽ വിദേശികൾ ഉൾപ്പെട്ട ആറ് കേസ്സുകളുണ്ട്. തിരുവനന്തപുരം എ.ടി.എം. കവർച്ച ചെയ്ത റുമേനിയക്കാരായ ഗബ്രിയേൽ മരിയൻ, എഫ്. ബി. ഫ്ലോറിയൻ, കെ. കെ. വിക്ടർ, ഇ. ഫ്ലോറിൻ എന്നിങ്ങനെ നാലുപേരും ഇന്ത്യാക്കാരനായ ഒരാളുമുൾപ്പെടെ അഞ്ചുപേരെയും പിടിച്ചിട്ടുണ്ട്. വളരെ വേഗം തന്നെ അവരെ അറസ്റ്റ് ചെയ്യുകയുണ്ടായി. എ.ടി.എം.-ന്റെ നിയന്ത്രണമുള്ള എസ്.ബി.ടി.-യുടെ അശ്രദ്ധകൊണ്ട് ഉണ്ടായതാണിത്. ഇതിന്റെ കേബിളുകൾ കെട്ടിടത്തിനു പുറത്താണ് കിടന്നത്. കേബിളിന്റെ ഒരു ഭാഗം മുറിച്ചുമാറ്റി അവിടെ അവർ പ്രത്യേക തരത്തിലുള്ള ഇൻസ്ട്രുമെന്റ് വച്ച് അതുവഴി ബോംബെയിലിരുന്നാണ് ചെയ്യുന്നത്. ഇന്റർനാഷണൽ ലെവലിലോ നാഷണൽ ലെവലിലോ ആണ്. അതിനുള്ള ഇന്റർനാഷണൽ കോ-ഓർഡിനേഷൻ ഇതുവരെ ഉണ്ടായിട്ടില്ല. ഗവൺമെന്റ് വിജയകരമായി പൊരുതുകയാണ്. അക്കാര്യത്തിൽ നല്ല വിജയമാണ് ഉണ്ടായിട്ടുള്ളതെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഹാക്കിംഗ്, തെഫ്റ്റ്, സൈബർ സ്റ്റാക്കിംഗാണ്, ഐഡന്റിറ്റി തെഫ്റ്റ്, മലേഷ്യ സോഫ്റ്റ്‌വെയർ, ചൈൽഡ്

സൊളിസിറ്റിംഗ് എന്നിങ്ങനെ ആറ് തരത്തിലുള്ള സൈബർകുറ്റങ്ങൾ ഇപ്പോൾ വെളിപ്പെട്ടിട്ടുണ്ട്. സ്ത്രീകളെയും കുട്ടികളെയും സൊളിസിറ്റ് ചെയ്ത്, അവരോട് നല്ല കാര്യങ്ങൾ പറഞ്ഞ് അവരെ തെറ്റിലേയ്ക്ക് നയിക്കുന്ന..... അത് സാർവ്വത്രികമാണ്. അത് കേരളത്തിലും ഇന്ത്യയിലും, ലോകത്ത് എല്ലായിടത്തുമുണ്ട്. ഇതിനെയെല്ലാം ശക്തമായി നേരിടാൻ കഴിയും. ഏത് സാങ്കേതിക വിദ്യയെയും മദർ സാങ്കേതിക വിദ്യ ഉപയോഗിച്ച് നേരിടാൻ കഴിയുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ശ്രീ. എം. വിൻസെന്റ്: സർ, ടെലഫോൺ ചോർത്തൽ ഒരു സൈബർ കുറ്റകൃത്യമെന്ന നിലയിൽ പരിഗണിക്കപ്പെടുന്ന ഒന്നാണ്. ഇവിടെ വിജിലൻസ് ഡയറക്ടർ തന്റെ ടെലഫോൺ ചോർത്തുന്നു എന്നൊരു പരാതി തന്നിട്ടുണ്ട്. അതുസംബന്ധിച്ചുള്ള അന്വേഷണം ഏതുവരെയായി; അദ്ദേഹത്തിന്റെ പരാതിയിൽ കഴമ്പുണ്ടെന്ന് കണ്ടെത്തിയിട്ടുണ്ടോ; എത്ര കാലയളവിനുള്ളിൽ അന്വേഷണം പൂർത്തിയാക്കാൻ സാധിക്കും?

ശ്രീ. ജി. സുധാകരൻ: സർ, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന്റെ ചോദ്യങ്ങൾക്കടക്കം വ്യക്തമായി ഈ വകുപ്പിന്റെ ചുമതലയുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് നേരിട്ട് ചോദിച്ചിട്ടുള്ളതാണ്. അദ്ദേഹം അത് വ്യക്തമാക്കിയിട്ടുണ്ട്. അതിന്റെ അന്വേഷണ പുരോഗതി എനിക്കിപ്പോൾ

വ്യക്തമാക്കാൻ കഴിയില്ല. ഫോൺ ചോർത്തൽ ഒരു സൈബർ കുറ്റം മാത്രമല്ല, നേരത്തെ മുതൽ ഇന്ത്യാ രാജ്യത്തിന്റെ നിയമത്തിലുള്ളതാണ്. ഇന്ത്യൻ ടെലഗ്രാഫ് ആക്ട് 5 (2) പ്രകാരം രാഷ്ട്ര സുരക്ഷ, ജനങ്ങൾക്ക് സേവനം നൽകുക എന്നിവയ്ക്ക് എതിരായി വരുന്ന കാര്യങ്ങൾക്ക് സർക്കാരിന്റെ അനുവാദത്തോടെ ചോർത്താവുന്നതാണ്. ടെലഗ്രാഫ് ഭേദഗതി ചട്ടം 2007 പ്രകാരം സംസ്ഥാന ആഭ്യന്തര വകുപ്പ് സെക്രട്ടറിയാണ് ഇതിന് അനുമതി നൽകുന്നത്. വകുപ്പ് 7 പ്രകാരമല്ലാതെ നടത്തുന്ന എല്ലാ ചോർത്തലുകളും ഇന്ത്യൻ പീനൽ കോഡും സി.ആർ.പി.സി.-യും എവിഡൻസ് ആക്ടും അനുസരിച്ച് ഗുരുതരമായ കുറ്റകൃത്യമാണ്. സൈബർ അതിൽ ബന്ധപ്പെട്ടുന്നെങ്കിൽ സൈബർ കുറ്റകൃത്യമായിമാറും. ഒറിജനലായി സൈബർ കുറ്റമാകണമെന്നില്ല. ഈ വ്യവസ്ഥ പ്രകാരമല്ലാതെ, ഗവൺമെന്റ് അനുവദിക്കാതെ, ആഭ്യന്തര സെക്രട്ടറി അനുവദിക്കാതെ ചോർത്തുന്നതെല്ലാം കുറ്റകൃത്യമാണ്. സ്വകാര്യ വ്യക്തികളുടെ സ്വകാര്യതയ്ക്കുള്ള സുരക്ഷിതത്വം ഫണ്ടമെന്റൽ റൈറ്റാണ്. ആ ഫണ്ടമെന്റൽ റൈറ്റ്സിനെ ചോദ്യം ചെയ്താൽ ടെലഫോണോ, മൊബൈലോ ആരെങ്കിലും വാങ്ങിക്കുമോ? മൊബൈൽ കമ്പനികളെല്ലാം പൂട്ടിപ്പോവുകയില്ലേ; അതെല്ലാം നിയമാനുസൃതമുള്ളതല്ലേ; നിയമത്തിൽ 69, 69(A), 69(B) പ്രകാരം സർക്കാരിന് രാജ്യത്തിന്റെ അഖണ്ഡതയ്ക്കും

സുരക്ഷിതത്വത്തിനും വേണ്ടി കമ്പ്യൂട്ടറിൽ ലഭിക്കാവുന്ന ഏതൊരു വിവരവും നിരീക്ഷിക്കാവുന്നതാണ്.

ശ്രീ. സി. കെ. ശശീന്ദ്രൻ: സർ, ഐ.ടി. ആക്ട് 2000-ലെ 79(A) വകുപ്പു പ്രകാരം ഇത്തരം കുറ്റകൃത്യങ്ങൾ ചെയ്യുന്നവരെ ഒരു ഇലക്ട്രോണിക് എക്സാമിനർ നോട്ട് ചെയ്യേണ്ടതുണ്ട്. അത് നോട്ടിഫൈ ചെയ്യാത്തതുകൊണ്ട് പല കേസ്സുകളിലും ആധികാരികമായി റിപ്പോർട്ട് കൊടുക്കാൻ സാധിക്കുന്നില്ല. അതിന് അടിയന്തര നടപടി സ്വീകരിക്കുമോ; തിരുവനന്തപുരത്ത് മാത്രമാണ് സൈബർ പോലീസ് സ്റ്റേഷനുള്ളത്. കുറ്റകൃത്യങ്ങൾ വർദ്ധിക്കുന്നതനുസരിച്ച് എറണാകുളം, കോഴിക്കോട് മേഖലയിലും ഇത്തരത്തിലുള്ള ഒരു സംവിധാനം ഉണ്ടാക്കാൻ കഴിയുമോ?

ശ്രീ. ജി. സുധാകരൻ : സർ, ഇതുസംബന്ധിച്ച് അടിയന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ സൈബർ പോലീസ് സ്റ്റേഷൻ വേണമെന്ന് നേരത്തെ ഇവിടെ ഒരു മെമ്പർ പറഞ്ഞു. ഇക്കാര്യം ആഭ്യന്തര വകുപ്പ് ഗൗരവമായി പരിശോധിക്കും.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തിൽ മാത്രമല്ല ഇന്ത്യയിലൊട്ടാകെ സൈബർ കുറ്റങ്ങൾ വർദ്ധിച്ചു വരികയാണ്. ഇതിനെതിരായി പാർലമെന്റ് പാസ്സാക്കിയ ഒരു നിയമമാണ് ഇപ്പോൾ നിലവിലുള്ളത്. ഐ.ടി.

ആക്ടിലെ 66 (A), കേരളാ പോലീസ് ആക്ടിലെ 118 D എന്നീ വകുപ്പുകൾ അടുത്തകാലത്ത് ബഹുമാനപ്പെട്ട സുപ്രീംകോടതി റദ്ദാക്കുകയുണ്ടായി. അതുകാരണം സൈബർ കുറ്റകൃത്യങ്ങൾ തടയാൻ വളരെ പ്രയാസമാണ്. ഒരു വ്യക്തിയുടെ ഫണ്ടമെന്റൽ റൈറ്റ് എന്നുള്ള നിലയിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി മേൽപ്പറഞ്ഞ വകുപ്പുകൾ റദ്ദാക്കിയത്. ഇതിന്റെ അടിസ്ഥാനത്തിൽ നമുക്കിനി ആകെ ചെയ്യാൻ കഴിയുന്നത് കേരളാ ഐ.പി.സി. ആക്ട് അനുസരിച്ചുള്ള നടപടികൾ മാത്രമാണ്. ഇക്കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; നമുക്കിപ്പോൾ ഐ.ടി. സെൽ, ഹൈടെക് സെൽ, സൈബർ സെൽ എന്നിവയും അടുത്ത കാലത്ത് ആരംഭിച്ച സൈബർ ഡോമും ഉണ്ട്. ഈ കുറ്റകൃത്യങ്ങൾ തടയാനുള്ള നടപടികൾ എഫക്ടീവാക്കുന്ന കാര്യത്തിൽ സുപ്രീംകോടതി വിധി ബാധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്പോൾ എന്തു നടപടികളാണ് തുടർന്നുകൊണ്ടിരിക്കുന്നത്?

<u>ശ്രീ. ജി സുധാകരൻ</u>: സർ, പ്രധാനപ്പെട്ട ചോദ്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി 66 (A) വകുപ്പ് റദ്ദാക്കിയതിനുശേഷം സർക്കാർ എല്ലാ നടപടികളും വളരെ സൂക്ഷ്മതയോടെയും ജാഗ്രതയോടെയും സ്വീകരിച്ചു വരികയാണ്. ഇത് ദേശീയ നിയമം ആയതുകൊണ്ടും അന്തർദേശീയ അടിസ്ഥാനത്തിലുള്ള ബന്ധങ്ങളുള്ള കാര്യം.... അന്തർദേശീയ നിയമങ്ങളൊന്നും പൊതുവായിട്ടില്ല എന്ന് ഞാൻ

പറഞ്ഞു. സർക്കാരിന് ആ തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടെങ്കിലും കേരളത്തെ സംബന്ധിച്ച് നാം ശക്തമായ നിലപാടാണ് സ്വീകരിച്ചിട്ടുള്ളത്. അതിന്റെ അടിസ്ഥാനത്തിൽ ഇനി എന്തെല്ലാം പുതിയ കാര്യങ്ങൾ വേണമെന്നതു സംബന്ധിച്ചും കേരളത്തിൽ നമ്മുടെ ഐ.പി.സി., അല്ലെങ്കിൽ സി.ആർ.പി.സി. നിയമങ്ങളിൽതന്നെ മാറ്റങ്ങൾ വരുത്തുന്നത് സംബന്ധിച്ചുമെല്ലാം നിയമവിദഗ്ദ്ധൻമാരുമായി സർക്കാർ ആലോചിക്കേണ്ട കാര്യമാണ്. ബഹുമാനപ്പെട്ട സുപ്രീംകോടതി ഇത് റദ്ദ് ചെയ്തത് എന്തുകൊണ്ടാണെന്ന് അങ്ങേയ്ക്ക് അറിയാം. ഞാൻ പറയുന്നു എന്നുമാത്രമേയുള്ളൂ. ശിവസേനാ നേതാവ് ബാൽ താക്കറേയ്ക്ക് എതിരായി ഒരു കൊച്ചുപെൺകുട്ടി  പോസ്റ്റിട്ടു. ശിവസേനക്കാർ കേസ്സ് കൊടുത്തിന്റെ ഭാഗമായി ആ കുട്ടിയെ അറസ്റ്റ് ചെയ്ത് റിമാന്റ് ചെയ്തു. പക്ഷേ റിലീസ് ചെയ്ത ശേഷം കുട്ടി വീണ്ടും ഈ പോസ്റ്റ് തന്നെ ഇട്ടു. കോൺസ്റ്റിറ്റ്യൂഷന്റെ 19 (1) പ്രകാരം ഇത് തന്റെ ഫണ്ടമെന്റൽ റൈറ്റാണെന്നാണ് വാദിച്ചത്. ബഹുമാനപ്പെട്ട സുപ്രീംകോടതി ആ വാദം അപ്ഹെൽഡ് ചെയ്തു. സുപ്രീംകോടതി പറഞ്ഞു, ഇത് ഫണ്ടമെന്റൽ റൈറ്റിന്റെ നിരാസമാണ്. അതുകൊണ്ട് ഈ സെക്ഷൻ അവർ റദ്ദു ചെയ്തു. അതിന് പോസിറ്റീവായ ഈ വശമുണ്ട്. നെഗറ്റീവായ വശങ്ങളുമുണ്ട്. പോസിറ്റീവായ വശത്തിനുവേണ്ടിയാണ് സുപ്രീംകോടതി ചെയ്തത്. നെഗറ്റീവായ വശത്തിനല്ല.

നെഗറ്റീവായ വശങ്ങൾ പരിഹരിക്കാനുള്ള നടപടികൾ സ്വാഭാവികമായും അധികാരികൾ സ്വീകരിക്കേണ്ടതാണ്.

ശ്രീ. എ. എം. ആരിഫ്: സർ, ബഹുമാനപ്പെട്ട ഇൻഡ്യൻ പ്രധാനമന്ത്രിയെ സംബന്ധിച്ച് ഫേസ്ബുക്കിൽ വന്നൊരു പരാമർശത്തെ ചൊല്ലിയുള്ള കേസിന് ആസ്പദമായ ഇടയിലാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി ഐ.ടി. ആക്ടിന്റെ 66 (A) വകുപ്പ് റദ്ദ് ചെയ്തുകൊണ്ട് ഇടപെട്ടത്. പക്ഷേ അതുനിമിത്തം ആർക്കും ആരെക്കുറിച്ചും എന്തും പറയാവുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ മാറിയിട്ടുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ ആ വിധിയെത്തുടർന്ന് ഉണ്ടായിട്ടുള്ള പ്രശ്നങ്ങളെ അഭിമുഖീകരിക്കുന്നതിനും അത് പരിഹരിക്കുന്നതിനും ബഹുമാനപ്പെട്ട കേന്ദ്ര സർക്കാരിന്റെ സഹായത്തോടു കൂടി മാത്രമേ ആ നിയമം ഭേദഗതി ചെയ്യാൻ സാധിക്കുകയുള്ളൂ. അത്തരത്തിലേയ്ക്കുള്ള ഇടപെടൽ നടത്തുന്നതിന് ആവശ്യമായ നിലയിൽ സംസ്ഥാന സർക്കാർ അതിന്മേൽ..... മാധ്യമപ്രവർത്തകരെ, പൊതുപ്രവർത്തകരെ, സെലിബ്രിറ്റികളെ എല്ലാം ആർക്കും എന്തും പറയാം. ട്രോളുകൾ വരുന്നതിനെ സംബന്ധിച്ചൊന്നും ഇപ്പോൾ പറഞ്ഞാൽ തീരുകയില്ല. പക്ഷേ അനന്തമായ വിനിയോഗമാണ്. ചിലതെല്ലാം നമുക്ക് വളരെയധികം ആസ്വദിക്കാൻ ഇടനൽകുന്നതുമാണ്. പക്ഷേ എല്ലാ അതിരുകളും ലംഘിച്ചുകൊണ്ട്

പോകുന്ന തരത്തിലുള്ള, പുറത്തു പറയാൻ കൊള്ളാത്ത തരത്തിലുള്ള വലിയ മോശപ്പെട്ട പ്രതികരണങ്ങളാണ് വന്നുകൊണ്ടിരിക്കുന്നത്. ഇതിന് എവിടെയെങ്കിലും ഒരു നിയന്ത്രണം ഏർപ്പെടുത്താൻ കഴിയത്തക്ക വിധത്തിലുള്ള ഇടപെടൽ നടത്താൻ കഴിയുമോ; ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ നടപടി സ്വീകരിക്കുമോ?

ശ്രീ. ജി. സുധാകരൻ: സർ, നേരത്തേ ബഹുമാനപ്പെട്ട ഒരു മെമ്പർക്ക് മറുപടി പറഞ്ഞപ്പോൾ ഞാൻ പറഞ്ഞതാണ്. ഇതിന് ഗുണവശവുമുണ്ട്, ഗുണവശമാണ് ആ പെൺകുട്ടിയുടെ ഫണ്ടമെന്റൽ റൈറ്റ്, കോൺസ്റ്റിറ്റ്യൂഷനിലെ 19 (1) പ്രകാരം അഭിപ്രായ സ്വാതന്ത്ര്യത്തെ അപ്ഹെൽഡ് ചെയ്തു, അതിനെ നമുക്ക് ചോദ്യം ചെയ്യാൻ പറ്റുകയില്ല. ഇതിന് നിഷേധാത്മകമായ വശങ്ങളുണ്ട്. അതുവരെയുള്ള എല്ലാ കേസുകളും പോയി, ചാർജ് ചെയ്തു വച്ചിരുന്ന എല്ലാ കേസുകളും ശിക്ഷിക്കാതെ പോയി. അപ്പോൾ അങ്ങനെയുള്ള ഒരു പ്രശ്നമുണ്ട്, ആർക്കും എന്തും പറയാം. പക്ഷേ ഒരു കാര്യമുണ്ട്, മൗലികാവകാശങ്ങളെ ചോദ്യം ചെയ്യുന്ന ഒന്നും നമുക്ക് അംഗീകരിക്കാൻ പറ്റുകയില്ല. അത് ചോദ്യം ചെയ്ത് അംഗീകരിച്ചുകഴിഞ്ഞാൽ അത് ഏകാധിപത്യമായിപ്പോകും. അത് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂഷനോ, നമ്മുടെ ഒരു ഡെമോക്രാറ്റിക് പൊളിറ്റിക്കൽ പാർട്ടിക്കോ വിഭാവനം ചെയ്യാൻ പറ്റുകയില്ല. ഇത്

റദ്ദ് ചെയ്യുന്നതിന് മുൻപ് ദുരുപയോഗം ചെയ്തിട്ടുണ്ട്. ഇത് റദ്ദു ചെയ്യുമ്പോൾ മാത്രമല്ല, റദ്ദ് ചെയ്യുമ്പോൾ ഒരു അധികാരമായി എന്ന മട്ടിലാണ്, അതിനു മുൻപും ഉണ്ട്. ശക്തമായ തരത്തിലുള്ള സാമൂഹ്യ വിമർശനങ്ങൾ.... ഫെയ്സ്ബുക്കിൽ തന്നെ തിരിച്ചും വിമർശനം വരുന്നുണ്ട്. അനാവശ്യം പറഞ്ഞാൽ വിമർശനം വരുന്നുണ്ട്. പക്ഷേ, അത് ശക്തിപ്പെടുത്തുകയും ഗവൺമെന്റ് നമ്മുടെ ക്രിമിനൽ നിയമങ്ങളുടെ അടിസ്ഥാനത്തിൽ ചെയ്യാവുന്നവ മുഴവൻ ചെയ്യുകയും, സ്റ്റേറ്റിന്റെ ക്രിമിനൽ നിയമത്തിൽ എന്തെങ്കിലും മാറ്റം വേണോ എന്നത് കൂട്ടായി ആലോചിച്ച് മാത്രമേ നമുക്ക് ഇതിനെ കൈകാര്യം ചെയ്യാൻ പറ്റുകയുള്ളൂ എന്നാണ് പറയാനുള്ളത്.

ശ്രീ. ഐ. ബി. സതീഷ്: സർ, ആധാർ കാർഡിനുവേണ്ടി ശേഖരിക്കുന്ന വ്യക്തികളുടെ ബയോമെടിക് വിവരങ്ങൾ സ്വകാര്യ കമ്പനികൾ ഉപയോഗിക്കുന്നത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? ഇവിടെ ഒരു മൊബൈൽ കമ്പനി, പുതിയ കണക്ഷനുവേണ്ടി ചെല്ലുന്ന കസ്റ്റമറോട് ഫിംഗർ പ്രിന്റ് രേഖപ്പെടുത്താൻ പറയുകയും, ഫിംഗർ പ്രിന്റ് രേഖപ്പെടുത്തുമ്പോൾ ഡിസ്പ്ലേ ചെയ്യപ്പെടുന്നത് ആധാർ കാർഡിലെ വിവരങ്ങളാണ്. ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ, ഇത് നിയമാനുസൃതമാണോ?

ശ്രീ. ജി. സുധാകരൻ: സർ, ഇത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ട് ഒരു

പരാതി വന്നതായി അറിയില്ല. എന്തായാലും അത് പരിശോധിക്കാം.

<u>ശ്രീ. ജോൺ ഫെർണാണ്ടസ്</u>: സർ, സൈബർ നെറ്റിൽ കുരുങ്ങുന്നതിൽ പലരും കൗമാരക്കാരാണ്, അതുകൊണ്ടു തന്നെ സമൂഹത്തെ രക്ഷിക്കാൻ കഴിയുന്നവിധം ചെറു പ്രായത്തിൽ തന്നെ വിദ്യാലയങ്ങളിൽ ഇതു സംബന്ധിച്ച് അവബോധമുണ്ടാക്കാൻ കഴിയുന്ന പാഠ്യ പദ്ധതി, ആ നിലയിൽ കൊണ്ടുവരാനായി ബന്ധപ്പെട്ട വകുപ്പ് തയ്യാറാകുമോ?

<u>ശ്രീ. ജി. സുധാകരൻ</u>: സർ, അത് എല്ലാപേരും നല്ലതാണ് എന്നു പറയുന്ന ഒരു നല്ല നിർദ്ദേശമാണ്. അത് ഗവൺമെന്റ് തീർച്ചയായും പരിശോധിക്കുന്നതാണ്. പാഠ്യ പദ്ധതിയിൽ അനാവശ്യമായ ഒരുപാട് കാര്യങ്ങളുണ്ട്, ആവശ്യമായ ഒരുപാട് കാര്യങ്ങൾ ഇല്ല. കൃഷി സംബന്ധിച്ചതായാലും,... തീർച്ചയായിട്ടും കൊച്ചു കുഞ്ഞുങ്ങളേയും, സ്ത്രീകളേയും ഇങ്ങനെ സന്തോഷിപ്പിച്ച്, റ്റീസ് ചെയ്ത്, റ്റീസ് ചെയ്ത് അവരുടെ മനസ്സ് സ്വായത്തമാക്കിയതിനു ശേഷം അവരെ അപകീർത്തിപ്പെടുത്തുക, നശിപ്പിക്കുക, തുടങ്ങിയ കാര്യങ്ങൾ ധാരാളമായി നടക്കുന്നു. ആത്മഹത്യയും നടന്നിട്ടുണ്ട്. സൈബർ ലൈനുകൾ വഴിയുള്ള ചാറ്റിങ്ങിൽ ആത്മഹത്യ നടന്നിട്ടുള്ള എത്രയോ കേസ്സുകൾ ലോകത്ത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സോഷ്യൽ മീഡിയ സോഷ്യൽ മീഡിയക്ക് വേണ്ടിയാണെന്നുള്ള കേവലമായ സങ്കൽപ്പം തികച്ചും

തെറ്റാണ്. സോഷ്യൽ മീഡിയ സോഷ്യൽ പ്രോഗ്രസ്സിന് വേണ്ടിയുള്ളതാണ്. പുരോഗതിക്കുവേണ്ടി സംസ്കാരത്തെ ഉയർത്താൻ, അതിനുവേണ്ടിയുള്ള ക്യാമ്പയിൻ നടക്കുന്നുണ്ട്. നമുക്കെല്ലാം സോഷ്യൽ മീഡിയയിൽ ലക്ഷക്കണക്കിന് ആരാധാകർ ഉണ്ട്. ശക്തമായി നേരിടാൻ നമുക്ക് കഴിയും, നിയമങ്ങൾ കൊണ്ടും നേരിടാൻ കഴിയും. തീർച്ചയായും കുഞ്ഞുങ്ങളേയും സ്ത്രീകളേയും സംരക്ഷിക്കാൻ ഏത് അറ്റം വരെയും പോകാൻ നിശ്ചയദാർഢ്യമുള്ള ഗവൺമെന്റാണ് കേരളത്തിൽ ഉള്ളത്, അങ്ങനെ പോകുകയും ചെയ്യും.

<u>ശ്രീ. വി. പി. സജീന്ദ്രൻ</u>: സർ, ഇവിടെ മന്ത്രി പറഞ്ഞതുപോലെ ഈ നവമാധ്യമങ്ങൾ വന്നതിനുശേഷം, മാധ്യമങ്ങളുടെ ഇടയിൽ കുറച്ച് ആളുകൾക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. പക്ഷെ അതിൽ കൂടുതൽ ദോഷങ്ങൾ ഉണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. സമൂഹത്തിൽ മാന്യമായി ജീവിക്കുന്ന ആളുകളെ ഏറ്റവും ചെലവ് കുറഞ്ഞ രീതിയിൽ, മോശപ്പെട്ട രീതിയിൽ ചിത്രീകരിക്കാൻ ഇന്ന് നവമാധ്യമങ്ങൾ ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഇവിടെ പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ 66 (എ) വകുപ്പ് സുപ്രീം കോടതി റദ്ദ ചെയ്ത ശേഷം ഇന്ന് എന്തെങ്കിലും കുറ്റകൃത്യങ്ങൾ ഉണ്ടായാൽ നവമാധ്യമങ്ങളുടെ വിദേശത്തുള്ള ആസ്ഥാനത്ത് ബന്ധപ്പെടുമ്പോൾ ഈ വകുപ്പ് റദ്ദാക്കിയതിന്റെ

പേരിൽ മറുപടി ലഭിക്കുന്നില്ല എന്നതാണ് വസ്തുത. എന്റെ ചോദ്യം, നവമാധ്യമങ്ങളായ ഫെയ്സ് ബുക്ക്, വാട്ട്സ് ആപ്പ്, ടിറ്റർ തുടങ്ങിയവയുടെ വിദേശത്തുള്ള ആസ്ഥാനവുമായി കുറ്റാന്വേഷണത്തിൽ സഹകരിക്കുന്നതിനായി എന്തെങ്കിലും ധാരണ ഉണ്ടാക്കിയിട്ടുണ്ടോ? കേസ്സുമായി ബന്ധപ്പെട്ട് എത്ര അപേക്ഷകൾ ഈ ആസ്ഥാനത്തേയ്ക്ക് അയച്ചുകൊടുത്തിട്ടുണ്ട്, എത്ര എണ്ണത്തിന് നമുക്ക് മറുപടി കിട്ടിയിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ശ്രീ. ജി. സുധാകരൻ: സർ, ഞാൻ ഇവിടെ നേരത്തേ കണക്കു പറഞ്ഞിരുന്നു. നമ്മുടെ ആസ്ഥാനമാണ്, അല്ലാതെ ഇന്ത്യക്ക് വെളിയിൽ നമുക്ക് അയയ്ക്കാൻ കഴിയുകയില്ല. 1273 സൈബർ കേസ്സുകൾ 4 വർഷം കൊണ്ട് നമ്മുടെ പോലീസ് സ്റ്റേഷനുകളിൽ സ്വീകരിച്ച് അന്വേഷണം നടത്തി വരികയാണ്. എ.ടി.എം. കവർച്ചയുമായി ബന്ധപ്പെട്ട് 21 കേസ്സുകൾ ഈ അടുത്ത കാലത്ത രജിസ്റ്റർ ചെയ്തതാണ്. 4 കേസ്സുകളിൽ പ്രതികളെ പിടിച്ചു, 3 കേസ്സുകളിൽ കുറ്റപത്രം നൽകി ബാക്കി കേസ്സുകൾ അന്വേഷിച്ചു വരികയാണ്. നേരത്തെ പറഞ്ഞതുപോലെ നമ്മുടെ പോലീസ് റുമേനിയക്കാരെ പെട്ടെന്നു തന്നെ പിടിച്ചു. ദേശീയമായ കണക്ക് നമ്മളെക്കാൾ മോശമാണ്. 2013-ൽ ഇന്ത്യയിൽ 5693 കേസ്സുകൾ, 2014 ൽ 9622 കേസ്സുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുണ്ട്. ഇന്ത്യയിലെ കാര്യമാണ് ഞാൻ പറയുന്നത്.

2013-ൽ 330-ഉം, 2014-ൽ 5752 കേസ്സുകളിലും പ്രതികളെ അറസ്റ്റ് ചെയ്തു. ദേശീയ ശരാശരിയിൽ 4.7 ശതമാനമാണ് കേരളത്തിന്റെ പങ്കാളിത്തം, മണിപ്പൂരിലാണ് ഏറ്റവും കുറവ് 0.1 ശതമാനമാണ്, എന്നാൽ മഹാരാഷ്ട്രയിൽ 19.5 ശതമാനമാണ് സൈബർ കുറ്റങ്ങൾ. ഉത്തർപ്രദേശിൽ 18.1 ശതമാനമാണ്, കർണ്ണാടകയിൽ 10.6 ശതമാനമാണ്, രാജസ്ഥാനിൽ 7.2 ശതമാനവും തെലുങ്കാനയിൽ 7.3 ശതമാനവുമാണ്. ഇവിടങ്ങളിലാണ് ഏറ്റവും കൂടുതൽ കുറ്റകൃത്യങ്ങൾ ഉള്ളത്.

## റേഷൻ മൊത്തവ്യാപാര വിതരണം

*602. ശ്രീ.ഹൈബി ഈഡൻ:
,, സണ്ണി ജോസഫ്:
,, റോജി എം. ജോൺ:
,, തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മൊത്തവ്യാപാരികളെ ഒഴിവാക്കി എഫ്.സി.ഐ. ഗോഡൗണുകളിൽ നിന്നു റേഷൻ സാധനങ്ങൾ എടുത്ത് സർക്കാരിന്റെ സംഭരണ ശാലകളിൽ സൂക്ഷിച്ച് വിതരണത്തിന് എത്തിക്കാനുള്ള പദ്ധതിയിൽ റേഷൻ സാധനങ്ങളുടെ കരിഞ്ചന്തയും മറിച്ചുവില്പനയും തടയാൻ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നത്;

വിശദാംശങ്ങൾ എന്തെല്ലാം?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ,

എഫ്.സി.ഐ. ഗോഡൗണിൽ നിന്നും മദ്ധ്യതല സംഭരണശാലകളിലേയ്ക്ക് വിതരണം ചെയ്യുന്ന ഭക്ഷ്യധാന്യങ്ങളുടെ തൂക്കം, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും സ്റ്റോക്കെടുക്കുന്ന സമയത്തു തന്നെ അതാത് മദ്ധ്യവിതരണ സംഭരണശാലകളിലെ കംപ്യൂട്ടറിൽ ലഭ്യമാകുന്ന തരത്തിലും, മദ്ധ്യതല സംഭരണശാലകളിൽ നിന്നും ഭക്ഷ്യധാന്യങ്ങൾ റേഷൻ കടകളിൽ എത്തിച്ചേരുന്ന വേളയിൽ തന്നെ ഭക്ഷ്യധാന്യങ്ങളുടെ തൂക്കം, ഇനം, വിഹിതം മുതലായ വിവരങ്ങൾ ഉപഭോക്താവിന്റെ ഫോണിൽ എസ്.എം.എസ്. നിർദ്ദേശമായി എത്തുന്ന സംവിധാനം ഉൾപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്. ഇതിനു പുറമേ, എഫ്.സി.ഐ. ഗോഡൗണിൽ നിന്നും മദ്ധ്യതല സംഭരണശാലകളിലേയ്ക്കും, അവിടെ നിന്ന് റേഷൻ കടകളിലേയ്ക്കുമുള്ള വാഹനത്തിൽ ജി.പി.എസ്. ഘടിപ്പിക്കുകവഴി അവയുടെ നീക്കം ഇലക്ട്രോണിക്കലായി നിരീക്ഷിക്കുന്നതിനും സാധിക്കുന്നതാണ്. ഭക്ഷ്യധാന്യങ്ങളുടെ വാതിൽപ്പടി വിതരണ സംവിധാനവും, വിതരണശൃംഖല മാനേജ്മെന്റ് സംവിധാനവും നടപ്പിലാക്കുന്നതിന് സർക്കാർ ഏജൻസിയായ സപ്ലൈക്കോയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനാവശ്യമായ വിശദമായ പദ്ധതി

റിപ്പോർട്ട് സപ്ലൈകോ തയ്യാറാക്കി വരുന്നുണ്ട്. മേൽപ്പറഞ്ഞ സംവിധാനങ്ങൾക്ക് ആവശ്യമായ സോഫ്റ്റ്‌വെയർ ആപ്ലിക്കേഷനുകൾ കേന്ദ്ര സർക്കാർ സ്ഥാപനമായ നാഷണൽ ഇൻഫ്രോമാറ്റിക് സെന്റർ തയ്യാറാക്കിയിട്ടുണ്ട്. 2016 നവംബർ മാസത്തോടെ മേൽപ്പടി പദ്ധതിയുടെ പൈലറ്റ് പ്രോജക്ട് കൊല്ലം ജില്ലയിലും, 2017 ഏപ്രിൽ ഒന്നാം തീയതിയോടെ സംസ്ഥാനത്ത് ഉടനീളം നടപ്പാക്കാനുമാണ് ഉദ്ദേശിക്കുന്നത്.

ശ്രീ. ഹൈബി ഈഡൻ: സർ, ഉപഭോക്താക്കൾ വാങ്ങാത്ത ബി.പി.എൽ., എ.പി.എൽ. അരി മൊത്തവ്യാപാരികളും, റേഷൻ വ്യാപാരികളുമായി ഗൂഢാലോചന നടത്തി പൊതുമാർക്കറ്റിൽ വിൽക്കുന്നത് പല സന്ദർഭങ്ങളിലും നമ്മുടെ ശ്രദ്ധയിൽ പെട്ടിട്ടുണ്ട്, മാധ്യമങ്ങളെല്ലാം അത് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. പുതിയ സംവിധാനം വരുമ്പോൾ സിവിൽ സപ്ലൈസ് ഉദ്യോഗസ്ഥരും, റേഷൻ വ്യാപാരികളും ഒത്തു ചേർന്ന് പഴയതുപോലെ പൊതുവിപണിയിൽ വിൽക്കാനുള്ള സാധ്യതകളെ എങ്ങനെയാണ് ചെറുക്കാൻ സാധിക്കുന്നത്, എങ്ങനെയാണ് അത് അറിയാനുള്ള സംവിധാനങ്ങൾ നിലവിലുള്ളത്?

ശ്രീ. പി. തിലോത്തമൻ: സർ, ഈ മറുപടിയിൽ നിന്നു തന്നെ വളരെ വ്യക്തമാണ്, ഇനി വളരെ സുതാര്യമായി മാത്രമേ എല്ലാ കാര്യങ്ങളും നടക്കുകയുള്ളൂ.

എഫ്.സി.ഐ.-യിൽ നിന്ന് അരിയെടുത്താൽ, അല്ലെങ്കിൽ ഭക്ഷ്യധാന്യങ്ങൾ പൊതുവിലെടുത്താൽ അത് കൊണ്ടുപോകുന്ന വാഹനങ്ങൾ ജി.പി.എസ്. ഘടിപ്പിച്ച്, മദ്ധ്യപോയിന്റ് ഉണ്ടെങ്കിൽ അവിടെയും അതിന്റെ സംവിധാനങ്ങൾ ഒരുക്കി, അവിടെ നിന്നും എ.ആർ.ഡി.-യിലേയ്ക്ക് കൊണ്ടുപോകുമ്പോഴും അതിന്റെ എല്ലാ സംവിധാനങ്ങളും ഒരുക്കിക്കൊണ്ടാണ് എ.ആർ.ഡി.-യിൽ കൊടുക്കുന്നത്. എ.ആർ.ഡി.-യിൽ നമ്മുടെ ഗുണഭോക്താക്കൾ ചെന്ന് e-pos machine-ൽ അവരുടെ തള്ളവിരൽ അമർത്തിയാൽ അവർക്ക് എത്രകിലോ അരി, എത്രകിലോ ഗോതമ്പ് എന്നത് സ്ക്രീനിൽ തെളിയും. അതനുസരിച്ചുള്ള വെയ്റ്റിനുള്ള ധാന്യങ്ങൾ കൊടുത്താൽ മാത്രമേ ബില്ല് സെറ്റിലാകൂ എന്ന രൂപത്തിലുള്ള സംവിധാനം ഏർപ്പെടുത്താനാണ് നാം ശ്രമിക്കുന്നത്.

<u>ശ്രീ. ഹൈബി ഈഡൻ</u>: സർ, അങ്ങ് ഈ ചോദ്യത്തിന് മറുപടി നൽകിയത് ഈ പ്രോസസ്സിന്റെ ഫസ്റ്റ് സ്റ്റേജ് ആണ്. ഞാൻ ചോദിച്ചത് ബി.പി.എൽ., എ.പി.എൽ. വിഭാഗത്തിൽ വാങ്ങാത്ത അരി... ഫസ്റ്റ് സ്റ്റേജിൽ ഈ പറഞ്ഞത് പ്രായോഗികമായി നടപ്പിലാക്കാൻ സാധിക്കുമായിരിക്കും. ഇതിന്റെ സെക്കന്റ് സ്റ്റേജിലാണ് ഗൂഢാലോചന നടക്കുന്നത്. അത് തടയാൻ വേണ്ടി ഈ പുതിയ സംവിധാനത്തിൽ നിയന്ത്രണങ്ങൾ ഉണ്ടാകുമോ, അതിനു നമ്മൾ സജ്ജമാണോ

എന്നത് ഒരു കാര്യവും, അതുപോലെ തന്നെ തമിഴ്നാട്ടിൽ സൗജന്യമായി കൊടുക്കുന്ന അരി കേരളത്തിന്റെ വിപണിയിലേയ്ക്ക് അതിർത്തി വഴി കള്ളക്കടത്ത് നടത്തി കൊണ്ടുവന്ന് അതിൽ കൃത്രിമമായി ഒരുപാട് പദാർത്ഥങ്ങളും കളറും ചേർത്ത് വിൽക്കാറുണ്ട്. വീട്ടമ്മമാർ ആ അരി കഴുകുമ്പോൾ ചുവന്ന നിറത്തിലുള്ള പദാർത്ഥങ്ങൾ പുറത്ത് വരുന്നത് നമ്മൾ പല വാർത്തകളും കാണാറുണ്ട്. അത്തരം കുറ്റകൃത്യങ്ങൾ തടയാൻ ഈ സംവിധാനങ്ങൾ വഴി സാധിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഇനി എ.പി.എൽ., ബി.പി.എൽ. ഇല്ല. പ്രയോറിറ്റി ആന്റ് നോൺപ്രയോറിറ്റി, ഈ രണ്ടു തരത്തിലുള്ള കാർഡുകളാണ് സംസ്ഥാനത്ത് ഇനി മുതൽ ഉണ്ടാകുക. ഇനി റേഷൻ കടകളിൽ എ.പി.എൽ. വിഭാഗത്തിലേയോ, ബി.പി.എൽ. വിഭാഗത്തിലേയോ, എ.എ.വൈ. വിഭാഗത്തിലേയോ അരി വാങ്ങാതിരുന്നിട്ട് കള്ളക്കണക്ക് എഴുതാൻ സാധിക്കുകയില്ല. ഗുണഭോക്താക്കൾക്ക് കൊടുത്തു കഴിഞ്ഞാൽ സ്റ്റോക്ക് പൊസിഷൻ എല്ലാപ്രകാരത്തിലും, ടി.എസ്.ഒ.-മാർക്കും ഡി.എസ്.ഒ.-മാർക്കും കമ്മീഷണറേറ്റിൽ ഇരിക്കുന്നവർക്കും കാണാൻ പറ്റുന്ന രൂപത്തിലുള്ള വളരെ സുതാര്യമായ ഒരു സംവിധാനം വരുന്നതുവഴി, ഒരു മണി അരിയോ ഗോതമ്പോ ചോരാൻ സാധിക്കുകയില്ല. വളരെ പെർഫക്ടായി നമ്മുടെ വിതരണ സംവിധാനം

നടക്കുമെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്. തമിഴ്നാട്ടിൽ നിന്നും വരുന്നതിനെ സംബന്ധിച്ച് ഇങ്ങനെ വാർത്തകൾ കേൾക്കാറുണ്ട്, ഏതായാലും നമ്മുടെ പൊതുവിതരണ രംഗത്ത് നടക്കുന്ന ഇന്നത്തെ ക്രമക്കേടുകളുടെ എല്ലാം അവസാനമായിരിക്കും ഈ സംവിധാനം ഏർപ്പെടുത്തുന്നതോടു കൂടി ഇവിടെ നടക്കാൻ പോകുന്നത്.

ശ്രീ. സണ്ണി ജോസഫ് : സർ, റേഷൻ കാർഡുകളുടെ മുൻഗണനാക്രമം സംബന്ധിച്ച് ആയിരക്കണക്കിന് പരാതികളാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. പല സ്ഥലത്തും അത് വികേന്ദ്രീകരിച്ച് താലൂക്ക് തലത്തിൽനിന്നും പഞ്ചായത്ത് തലത്തിലേയ്ക്ക് വരുന്നുണ്ട്. ഈ പരാതികളിൽ സമയബന്ധിതമായി തീർപ്പുണ്ടാക്കാൻ എന്ത് നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്? പരാതികൾ നൽകാൻതന്നെ ഇത്രയും തിക്കും തിരക്കുമുണ്ടായപ്പോൾ പരാതികളുടെ ഹിയറിംഗിൽ ഇതിനേക്കാൾ കൂടുതൽ പ്രയാസങ്ങൾ ഉണ്ടാകും. ഇപ്പോൾ താലൂക്കുതലത്തിൽ പരാതികൾ കേൾക്കുന്നതിനും ജില്ലാതലത്തിൽ അതിന്റെ അപ്പീലുകൾ കേൾക്കുന്നതിനുമാണ് സംവിധാനമുള്ളത്. ജനങ്ങൾക്ക് ഒരുപാട് അസൗകര്യങ്ങളുണ്ടാകുന്നുണ്ട്. പഞ്ചായത്തുതലത്തിൽ തന്നെ വികേന്ദ്രീകരിച്ച് പരാതികൾക്ക് തീർപ്പുണ്ടാക്കാനും നേരത്തെ തന്നെ

പരാതികൾ പരിശോധന നടത്താനും ഇതിന് വ്യക്തമായ മാനദണ്ഡങ്ങളും ഫലപ്രദമായ സംവിധാനങ്ങളുമുണ്ടാക്കാൻ ഗവൺമെന്റ് ആലോചിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇതുവരെ ഏഴ് ലക്ഷത്തിൽപ്പരം പരാതികളാണ് ഇന്നലത്തെ കണക്കുപ്രകാരം ലഭിച്ചത്. ഏറ്റവും കൂടുതൽ പരാതികൾ ലഭിച്ചത് കൊല്ലം ജില്ലയിൽനിന്നാണ്. പ്രാദേശിക വെരിഫിക്കേഷൻ കമ്മിറ്റികൾ എല്ലാ പഞ്ചായത്തിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളെ അടിസ്ഥാനപ്പെടുത്തിയും രൂപീകരിച്ചിട്ടുണ്ട്. ആ കമ്മിറ്റി എറണാകുളം ജില്ലയിൽ മാത്രം നാല്, അഞ്ച് സിറ്റിംഗുകൾ നടത്തി. ഇടുക്കി, കോട്ടയം എന്നീ ജില്ലകളിലും സിറ്റിംഗുകൾ നടന്നുകഴിഞ്ഞു. അവിടെയൊക്കെ വളരെ ഫലപ്രദമായി പ്രവർത്തനങ്ങൾ മുന്നോട്ട് പോകുകയാണ്. നമുക്ക് അൽപ്പം സമയമെടുത്താണെങ്കിലും അർഹതപ്പെട്ടവരെ ഉൾപ്പെടുത്തുവാനും അനർഹരായവരെ ഒഴിവാക്കാനുമുള്ള പ്രക്രിയ പൂർത്തിയാക്കുവാൻ കഴിയും. ആ പ്രവർത്തനങ്ങൾ പുരോഗതിയിലാണ്.

ശ്രീ. റോജി എം. ജോൺ : സർ, റേഷൻ സാധനങ്ങളുടെ മറിച്ച് വിൽപ്പനയും കരിഞ്ചന്തയും തടയുന്നതിനായി ആധുനിക സാങ്കേതിക വിദ്യ ഉപയോഗിച്ച് പുതിയ സംവിധാനങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് അങ്ങിവിടെ

സൂചിപ്പിക്കുകയുണ്ടായി. എന്നാലും ഇതുസംബന്ധിച്ച് വളരെ വ്യാപകമായ പരാതികളുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര റേഷൻ മൊത്തവ്യാപാര സ്ഥാപനങ്ങളിൽ പരിശോധന നടത്തിയിട്ടുണ്ട്, അതിൽ എത്ര സ്ഥാപനങ്ങളിൽ ക്രമക്കേട് കണ്ടെത്താൻ കഴിഞ്ഞു? അതിൽ എത്ര കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്? എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, എത്രയെന്ന് ചോദിച്ചാൽ അത് നോട്ടീസുണ്ടെങ്കിൽ മാത്രമെ പറയാൻ സാധിക്കൂ. തിരുവനന്തപുരം ജില്ലയിലെ ഒരു ഹോൾസെയിൽ കടയും അതുപോലെ മറ്റൊരു ഹോൾസെയിൽ കടയും സപ്ലൈകോ ഏറ്റെടുത്തിട്ടുണ്ട്. ധാരാളം റേഷൻ കടകൾ സസ്പെന്റ് ചെയ്തിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട് റേഷൻ കടകൾക്കെതിരെയും ഹോൾസെയിൽ കടകൾക്കെതിരെയും വളരെ കർശനമായ നടപടികൾ ഉണ്ടായിട്ടുണ്ട്. അതിന്റെ ഒരു പൊതുവായ വിവരം മാത്രമെ നൽകാൻ സാധിക്കൂ. കൃത്യമായി പറയണമെങ്കിൽ നോട്ടീസ് വേണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി <u>ശ്രീ. പി. റ്റി. തോമസ്.</u> : സർ, ഭക്ഷ്യാധിഷ്ഠിത ക്ഷേമ പദ്ധതികൾക്ക് ആവശ്യമായ ശാസ്ത്രീയ സംഭരണ

ശാലകൾ ദേശീയ ഭക്ഷ്യസുരക്ഷാ നിയമത്തിലെ 24(v)(ab) അനുസരിച്ച് ഉണ്ടാക്കേണ്ടതിന്റെ ആവശ്യകത വ്യക്തമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ എല്ലാ ബ്ലോക്കുകളിലും ചുരുങ്ങിയത് രണ്ട് സംഭരണശാലകളെങ്കിലും അടിയന്തരമായി നിർമ്മിക്കുന്നതിനുവേണ്ടി സംവിധാനമൊരുക്കുന്നതിനുള്ള നടപടി 29.08.2016-ൽ ഗവൺമെന്റ് ഉത്തരവ് 11/2016 ആയി ഗവൺമെന്റ് പുറപ്പെടുവിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം പുരോഗതിയുണ്ടായിട്ടുണ്ടെന്നും അങ്ങനെ ഉണ്ടായിട്ടുണ്ടെങ്കിൽ, ഏതെല്ലാം ബ്ലോക്കുകളിൽ അതിന്റെ പുരോഗതി ഉണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, അങ്ങ് പറഞ്ഞത് വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ്. പൊതുവിതരണ സംവിധാനം ശാസ്ത്രീയമായി നടത്തണമെങ്കിൽ നമുക്ക് ഇന്റർമീഡിയറ്റ് പോയിന്റിൽ ഗോഡൗണുകൾ വേണ്ടതുണ്ട്. അത്തരം ഗോഡൗണുകൾ ഇന്നിപ്പോൾ നമുക്കില്ല, സ്വന്തമായി വളരെ ചുരുക്കമായിട്ട് മാത്രമെയുള്ളൂ. അത് സപ്ലൈകോയ്ക്ക്പോലും വളരെ ചുരുക്കമാണ്. നമ്മൾ അഭയം പ്രാപിക്കുന്നത് വെയർഹൗസിംഗ് കോർപ്പറേഷന്റെ ഗോഡൗണുകളെയാണ്. ഇപ്പോൾ എഫ്.സി.ഐ.-യുമായുള്ള ചർച്ചയിൽ

അവരുടെ സൗകര്യങ്ങൾ ഉപയോഗപ്പെടുത്താമെന്ന് പറഞ്ഞിട്ടുണ്ട്. നിരവധി സഹകരണ സ്ഥാപനങ്ങളും ഗോഡൗണുകൾ തരാമെന്ന് ഇങ്ങോട്ട് വാഗ്ദാനം ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്തുള്ള ഇത്തരം ഗോഡൗണുകൾ ഈ സംവിധാനത്തിനുവേണ്ടി പ്രയോജനപ്പെടുത്താൻ കഴിയും. എന്നാലും നമുക്ക് നല്ല ആധുനിക സൗകര്യങ്ങളുള്ള സംഭരണ ശാലകൾ ഉണ്ടായാലേ മതിയാകൂ. കേന്ദ്ര ഗവൺമെന്റ് അതുസംബന്ധിച്ച് വളരെ നല്ലൊരു നടപടിയാണ് സ്വീകരിച്ചിരിക്കുന്നത്. അതിന് ഫൈനാൻസ് ചെയ്യാനും കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. അതിനായി ബ്ലോക്കുതലത്തിൽ സംഭരണശാലകൾ തുടങ്ങാൻ കഴിയുന്ന തരത്തിലുള്ള സ്ഥലം കണ്ടെത്തി റിപ്പോർട്ട് ചെയ്യണമെന്ന് എല്ലാ ജില്ലാകളക്ടർമാരോടും പറഞ്ഞതിന്റെ അടിസ്ഥാനത്തിൽ നിരവധി കളക്ടർമാർ അത്തരം സർക്കാർ ഭൂമി കണ്ടെത്തി റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഭാവിയിൽ അതെല്ലാം വച്ചുകൊണ്ട് പടിപടിയായി സംഭരണശാലകൾ നിർമ്മിച്ച് മുന്നോട്ട് പോകുവാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ : സർ, 2013-ൽ ആണ് ഫുഡ് സേഫ്റ്റി ആക്ട് നിലവിൽ വന്നത്. ഏകദേശം മൂന്ന് വർഷമായിട്ടും ഈ നിയമം കേരളത്തിൽ നടപ്പിലാക്കിയിട്ടില്ല. അതുകൊണ്ട് കേരളത്തിന് സബ്സിഡിയിനത്തിൽ

എത്രകോടി രൂപയാണ് നഷ്ടം സംഭവിച്ചത്?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, അതിന്റെ കൃത്യമായ കണക്കെടുത്താൽ മാത്രമെ പറയാൻ കഴിയൂ. നേരത്തെ ആറ് രൂപയ്ക്ക് നൽകിയ അരി ഇപ്പോൾ മൂന്ന് രൂപയ്ക്കും അഞ്ച് രൂപയ്ക്ക് ലഭിച്ചിരുന്ന ഗോതമ്പ് രണ്ടുരൂപയ്ക്കുമാണ് നൽകുന്നത്. ആകെ നാഷണൽ ഫുഡ് സെക്യൂരിറ്റി ആക്ട് (എൻ.എഫ്.എസ്.എ.) പ്രകാരം പറയുന്ന 14.25 ലക്ഷം മെട്രിക് ടൺ ഭക്ഷ്യ ധാന്യങ്ങളിൽ 10.25 ലക്ഷം മെട്രിക് ടൺ ധാന്യം മൂന്ന് രൂപയ്ക്ക് അരിയും രണ്ട് രൂപയ്ക്ക് ഗോതമ്പുമായിട്ടാണ് തരുന്നത്. ആയിനത്തിൽ കോടിക്കണക്കിന് രൂപയുടെ മെച്ചം നമുക്കുണ്ട്. അത് നേരത്തെ നടപ്പാക്കാത്തതിന്റെ പേരിൽ അതിന്റേതായ നഷ്ടവുമുണ്ട്.

<u>ശ്രീ. അൻവർ സാദത്ത്</u>: സർ, ഇന്ന് നമ്മുടെ മുൻ മുഖ്യമന്ത്രി ശ്രീ. ഉമ്മൻ ചാണ്ടി സാറിന്റെ 74-ാമത് പിറന്നാളാണ്. അദ്ദേഹത്തിന് പിറന്നാൾ ആശംസകൾ നേരുകയാണ്. സാറിന്റെ ശ്രദ്ധയിൽപ്പെട്ടോയെന്ന് അറിയില്ല.

<u>മി. സ്പീക്കർ</u> : സഭയിൽ നമുക്കെല്ലാവർക്കുംകൂടി ഒന്നിച്ച് അദ്ദേഹത്തിന് പിറന്നാൾ ആശംസിക്കാം.

<u>ശ്രീ. അൻവർ സാദത്ത്</u> : സർ, ഞാൻ പറഞ്ഞത് റേഷൻ കടകളിൽ ഇന്ന്

പല രീതിയിലുള്ള തെറ്റായ പ്രവണതകൾ കണ്ടുവരുന്നുണ്ട്. ആ തെറ്റായ പ്രവണതയ്ക്ക് റേഷൻ വ്യാപാരികളെ ഒരു പരിധിവരെ പ്രേരിപ്പിക്കുന്നത് അവർക്കൊരു നിശ്ചിത വരുമാനമില്ലായെന്നുള്ളതുകൊണ്ടാണ്. കഴിഞ്ഞ ദിവസം അവരുടെ സമര പരിപാടികളുംമറ്റുമുണ്ടായിരുന്നു. അതുകൊണ്ട് ഇവരുടെ കുടുംബം പോറ്റുന്നതിനാവശ്യമായ ഒരു നിശ്ചിത ശമ്പളം കൊടുക്കുകയാണെങ്കിൽ ഒരു പരിധിവരെ തെറ്റായ കാര്യങ്ങളിൽനിന്നും അവരെ പിൻതിരിപ്പിക്കാനും നല്ല രീതിയിൽ റേഷൻ കടകൾ മുമ്പോട്ടുകൊണ്ടു പോകാനും കഴിയും. അത് സർക്കാർ നേരിട്ട് ഇടപെട്ടുകൊണ്ട് പരിഹരിക്കുമോ? അത് പരോക്ഷമായും റേഷൻ വാങ്ങുന്ന ആളുകൾക്ക് വളരെ ഉപകാരമായിരിക്കും. ആ കാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിലുണ്ടോ?

<u>ശ്രീ. പി. തിലോത്തമൻ</u> : സർ, റേഷൻ കടകളിൽ നടക്കുന്നതിനേക്കാൾ കൂടുതൽ ക്രമക്കേടുകൾ നടക്കുന്നത് ഹോൾസെയിൽ കടകളിലാണ്. ഇതെല്ലാം എത്രയോ വർഷങ്ങളായി നമ്മൾ കണ്ടുകൊണ്ടിരിക്കുകയാണ്. ഈ പുതിയ സംവിധാനം ഏർപ്പെടുത്തുന്നതോടുകൂടി ആ ക്രമക്കേടുകൾക്കെല്ലാം ഒരവസാനമുണ്ടാകുവാൻ പോകുകയാണ്. റേഷൻ കടക്കാർക്ക് വരുമാനമില്ലെന്ന കാര്യം വർഷങ്ങളായി നമ്മൾ ചർച്ച ചെയ്യുന്ന കാര്യമാണ്. ഈ സംവിധാനം

നിലവിൽവരുമ്പോൾ അവർക്ക് കമ്മീഷനല്ലാതെ വേറൊരു നയാപൈസ കിട്ടാനുള്ള സാധ്യതയില്ല. ആ പ്രശ്നങ്ങളെല്ലാം സർക്കാരിന്റെ മുന്നിലുണ്ട്, അതെല്ലാം പരിഗണിച്ചുകൊണ്ട് അവരുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെപ്പറ്റി ആലോചിക്കുന്നുണ്ട്. അതോടൊപ്പംതന്നെ റേഷൻ കടകളിലൂടെ മറ്റ് സേവനങ്ങൾകൂടി ലഭ്യമാക്കുന്നതിന് എങ്ങനെ സൗകര്യങ്ങൾ ഒരുക്കാമെന്നതിനെക്കുറിച്ചും, അങ്ങനെ റേഷൻ കടകളെ പൊതുവെ നവീകരിക്കുകയും വൈവിദ്ധ്യവൽക്കരിക്കുകയും ചെയ്യുക എന്ന കാര്യംകൂടി ഗവൺമെന്റിന്റെ പക്കലുണ്ട്. അത് തയ്യാറാക്കേണ്ട ഒരു കാര്യംതന്നെയാണ്.

<u>ശ്രീ. മുല്ലക്കര രത്നാകരൻ</u> : സർ, ഇത് ഗവൺമെന്റ് നടപ്പിലാക്കുന്ന റേഷൻ വിതരണവുമായി ബന്ധപ്പെട്ട വിപ്ലവകരമായ ഒരു മാറ്റമാണ്. അവിടെ നടക്കുന്ന അഴിമതിയും മറ്റ് കാര്യങ്ങളുമെല്ലാം അവസാനിപ്പിക്കാൻ ഇത് സഹായകരമാകും. പക്ഷേ ഒരാശങ്കയുള്ളത്, ഇതുമായി ബന്ധപ്പെട്ട് തട്ടിപ്പ് നടത്തി അതിന്റെ ലാഭം കൊയ്യുന്നവർ വളരെ വലിയൊരു വെല്ലുവിളി ഉയർത്താൻ സാധ്യതയുണ്ട്. അപ്പോൾ ഒരു ഡിപ്പാർട്ടുമെന്റ് സംവിധാനമല്ലാതെ നമ്മുടെ പഞ്ചായത്ത് മെമ്പർമാർക്കും എം.എൽ.എ.മാർക്കും

ജനപ്രതിനിധികൾക്കുമെല്ലാം അഡ്വൈസ് ചെയ്യാൻ കഴിയുന്ന തരത്തിൽ,... ഇപ്പോൾ അഡ്വൈസറി ബോർഡുണ്ട്, അതൊക്കെ പേപ്പറിൽ മാത്രമാണ്. കേരളത്തിൽ ഒരു പുതിയ സംവിധാനം, ഇതിനെ നിരീക്ഷിക്കാനും സഹായിക്കാനും - പഞ്ചായത്ത് പ്രസിഡന്റുമാർക്കും മേയർമാർക്കും മുനിസിപ്പൽ ചെയർമാൻമാർക്കും മുഖ്യ പങ്കാണിതിലുള്ളത്. എം.എൽ.എ.-മാരും പ്രധാനമാണ്. അത്തരമൊരു അഡ്വൈസ് സംവിധാനം താഴെത്തട്ടിൽ ഉണ്ടാക്കി, ഈ സിസ്റ്റത്തെ ആരും അട്ടിമറിക്കാതിരിക്കാൻ, കാവൽനിൽക്കാൻ കഴിയുന്ന ഒരു സംവിധാനംകൂടി ഉണ്ടാക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, ഈ പുതിയ സംവിധാനത്തിന്റെ പ്രയോജനത്തെപ്പറ്റി പറഞ്ഞതെല്ലാം ശരിയാണ്. അതിനെല്ലാം കാവലായി നിൽക്കേണ്ടത് ഈ സംസ്ഥാനത്തെ ജനങ്ങളാണ്. അവരുടെ താൽപ്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ഏറ്റവും സമഗ്രമായ ഒരു പദ്ധതിയായാണ് ഈ പദ്ധതിയെ കാണുന്നത്. അതുകൊണ്ട് നമുക്കെല്ലാം അതിന്റെ ഉത്തരവാദിത്തമുണ്ട്. സമിതികൾ എങ്ങനെ വേണമെന്നതിനെക്കുറിച്ചൊന്നും ആലോചിച്ചിട്ടില്ല. തീർച്ചയായും അത്തരം കാര്യങ്ങളെപ്പറ്റി ആലോചിക്കാം. ഏതായാലും നമ്മളെല്ലാവരും ഒറ്റക്കെട്ടായി നിൽക്കുകയാണെങ്കിൽ ഒരു

ക്രമക്കേടും ഈ രാജ്യത്തുണ്ടാവില്ല. അതോടൊപ്പം പാവങ്ങൾക്ക് റേഷൻ കൊടുക്കുന്ന സംവിധാനത്തെ വളരെ ഫലപ്രദമായി നമുക്ക് മുന്നോട്ട് കൊണ്ടുപോകാൻ സാധിക്കും. അതിനെ അട്ടിമറിക്കാൻ ആര് വിചാരിച്ചാലും നടക്കില്ലെന്ന് പറയാനുള്ള ഇച്ഛാശക്തി നമുക്കുണ്ടാവണം.

ശ്രീ. വി.റ്റി. ബൽറാം: സർ, മൊത്തവ്യാപാരികളെ ഒഴിവാക്കാനുള്ള തീരുമാനത്തിലൂടെ അഴിമതിയും കരിഞ്ചന്തയും പൂഴ്ത്തിവയ്പ്പുമെല്ലാം അവസാനിപ്പിക്കാൻ സാധിക്കും. നേരത്തെ ശ്രീ. അൻവർ സാദത്ത് പറഞ്ഞ പ്രശ്നം വളരെ യാഥാർത്ഥ്യമാണ്. സാധാരണ റേഷൻ കടക്കാർക്ക് ഇന്ന് മുന്നോട്ട് പോകാൻ കഴിയാത്ത സാഹചര്യം ഉണ്ടാകുകയാണ്. ഇപ്പോൾ ഒരു രൂപയുടെ അരി എടുക്കുമ്പോൾ അത്രയും സ്റ്റോക്കിന്റെ തുക അടച്ചാൽ അവർക്ക് അത് ലഭിക്കുകയാണ്. അരിയുടെ വില മൂന്ന് രൂപയാകുമ്പോൾ മൂന്നിരിട്ടി തുക അടച്ചുവേണം അവർ സ്റ്റോക്കെടുക്കാൻ. ഈ രീതിയിൽ വലിയൊരു ഇൻവെസ്റ്റ്മെന്റ് നടത്തുമ്പോൾ അതിനനുസരിച്ചുള്ള റിട്ടേൺ ഉണ്ടാകുന്നില്ല എന്നതാണ് ഏറ്റവും വലിയ യാഥാർത്ഥ്യം. ദശാബ്ദങ്ങളായി ഈ മേഖലയിൽ നിലനിൽക്കുന്ന ഇവർക്ക് മാസശമ്പളം ഏർപ്പെടുത്താൻ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. കാരണം ഭക്ഷ്യ സുരക്ഷാ നിയമത്തിൽത്തന്നെ

അതിനുള്ള വ്യവസ്ഥയുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അതിന്റെ ഒരു ഷെയർ നൽകാൻ കേന്ദ്ര ഗവൺമെന്റ് തയ്യാറാണ്. ആ സാധ്യത ഉപയോഗപ്പെടുത്തിക്കൊണ്ട് റേഷൻ കട ഉടമകൾക്കും അതോടൊപ്പം റേഷൻ സാധനങ്ങൾ തൂക്കി വിൽക്കുന്ന ഒരാൾക്കും മാസംതോറും ശമ്പളം നൽകുന്നതിനുള്ള നടപടി ഇതിനോടൊപ്പം ഉണ്ടാകുവാനുള്ള ശ്രദ്ധ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. പി. തിലോത്തമൻ: സർ, റേഷൻ കടകൾ പ്രവർത്തിക്കുമ്പോൾ ഈ പറയുന്ന പ്രയാസങ്ങളെല്ലാം വരുമാനത്തിന്റെ അടിസ്ഥാനത്തിൽ ഉണ്ടാകാൻ സാധ്യതയുണ്ട്. ആയതിനാൽ അവരുടെ വരുമാനം എങ്ങനെ വർദ്ധിപ്പിക്കാമെന്നതിനെക്കുറിച്ച് വളരെ ഗൗരവപൂർവ്വം ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. അത് എങ്ങനെ വേണമെന്നതിനെക്കുറിച്ച് വിശദമായി ആലോചിക്കേണ്ടതുണ്ട്. ശമ്പളം കൊടുക്കുന്നതിന് കേന്ദ്രം വിഹിതം നൽകുന്നില്ലായെന്ന വസ്തുത മനസ്സിലാക്കണം. നമുക്ക് നൽകുന്ന പ്രധാനപ്പെട്ട ആനുകൂല്യം എന്നുപറയുന്നത്, 10.25 ലക്ഷം മെട്രിക് ടൺ അരി മൂന്ന് രൂപയ്ക്കും രണ്ട് രൂപയ്ക്കും നൽകുന്നുണ്ട്. എന്നാൽ അത് മേലോട്ടുള്ള അരിയുടെ വിലയിൽ വ്യത്യാസമുണ്ട്. രണ്ട് കാറ്റഗറി തിരിച്ചാണ് അരിയും ഗോതമ്പും നൽകുന്നത്.

ഇവിടെ മുൻഗണനക്കാർക്ക് എന്ത് വില, എ.എ.വൈ.ക്കാർക്ക് എന്ത് വില, നോൺപ്രയോറിറ്റിക്കാർക്ക് എന്ത് വില എന്നതുസംബന്ധിച്ച് ഗവൺമെന്റ് തീരുമാനിച്ചിട്ടില്ല. അക്കാര്യം തീരുമാനിക്കാൻ പോകുന്നതേയുള്ളൂ. ഇക്കാര്യങ്ങൾ ഗവൺമെന്റിന്റെ പരിശോധനയിലാണ്. ഇതിന്മേൽ തീരുമാനമെടുത്തുകഴിഞ്ഞാൽ തീർച്ചയായും ഈ സഭയിൽ അക്കാര്യം പറയുന്നതാണ്. റേഷൻ കടകളെ നവീകരിക്കും/വൈവിദ്ധ്യവൽക്കരിക്കുമെന്ന് തിരഞ്ഞെടുപ്പുകാലത്ത് ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റ് അവരുടെ മാനിഫെസ്റ്റോയിൽ പരാമർശിച്ചിരുന്നു. അരിയും ഗോതമ്പും മണ്ണെണ്ണയും പഞ്ചസാരയും മാത്രമല്ല ജനങ്ങൾക്ക് ആവശ്യമായ അവശ്യ സാധനങ്ങൾകൂടി ലഭ്യമാക്കുന്ന സംവിധാനമായി റേഷൻ കടകളെ മാറ്റാൻ എങ്ങനെ സാധിക്കും എന്നതിനെക്കുറിച്ച് ആലോചിക്കുകയാണ്. അതിന്റെ വിശദാംശങ്ങൾ പിന്നാലെ പറയാൻ സാധിക്കും.

<u>മി. സ്പീക്കർ</u>: റേഷൻ കടക്കാർ തൃപ്തരല്ലെങ്കിൽ ഈ പദ്ധതി ആകെ അവതാളത്തിലാകും. അക്കാര്യത്തിൽ ഒരു സംശയവുമില്ല.

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, റേഷൻ കടക്കാർ തൃപ്തരാകും. കള്ളക്കച്ചവടം നടത്തിയാൽ മാത്രമേ അവർക്ക് നിലനിൽക്കാൻ സാധിക്കു

എന്ന അവസ്ഥ ഇനി മുതൽ മാറുകയാണ്. നല്ല നിലയിൽ കച്ചവടം നടത്തി അവർക്ക് വരുമാനം ഉണ്ടാക്കുന്നതിനുള്ള എല്ലാ സംവിധാനവും സംസ്ഥാന സർക്കാർ ഉറപ്പുവരുത്തുന്നതാണ്.

ശ്രീ. സി. കൃഷ്ണൻ: സർ, ഭക്ഷ്യഭദ്രതാ നിയമം അനുസരിച്ചുള്ള അപേക്ഷകളിന്മേൽ ഏഴ് ലക്ഷത്തിൽപ്പരം പരാതികൾ ലഭിച്ചിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതുസംബന്ധിച്ച പരിശോധനയും തീർപ്പ് കൽപ്പിക്കലും അതത് പഞ്ചായത്തുകളിലോ നഗരസഭകളിലോ മാത്രമായി കേന്ദ്രീകരിക്കുകയും ആക്ഷേപവും പരാതിയും നൽകിയവരെ സഹായിക്കുന്നതിനായി എന്തെങ്കിലും നടപടികളും ഗവൺമെന്റ് സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ആക്ഷേപങ്ങളിലും പരാതികളിലും തീർപ്പുകൽപ്പിക്കേണ്ടത് പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിലുള്ള വെരിഫിക്കേഷൻ കമ്മിറ്റികളാണ്. പ്രസ്തുത കമ്മിറ്റികളുടെ പരിശോധനയിൽ തീർപ്പുകൽപ്പിക്കാൻ സാധിക്കാതെ മറ്റെന്തെങ്കിലും ആക്ഷേപം നിലനിൽക്കുകയാണെങ്കിൽ അത് സമർപ്പിക്കുന്നതിനുള്ള സമിതിയാണ് ജില്ലാതല അപ്പീൽ കമ്മിറ്റി. അവിടെവച്ച് അതിന് തീർപ്പ്

കൽപ്പിക്കും. ഇപ്പോൾ ഇടുക്കി, എറണാകുളം, പാലക്കാട് എന്നീ ജില്ലകളിൽ വെരിഫിക്കേഷൻ കമ്മിറ്റി സിറ്റിംഗ് നടത്തുകയും നൂറ് കണക്കിന് പരാതികളിന്മേൽ തീർപ്പുകൽപ്പിക്കുകയും ചെയ്തു. വളരെ നല്ല റിസൾട്ടാണ് അവിടെ നിന്ന് ലഭിച്ചത്. ജനങ്ങളുടെ അവകാശങ്ങൾ/ആക്ഷേപങ്ങൾ അർഹതപ്പെട്ടതാണെങ്കിൽ അതെല്ലാം പരിഹരിച്ചുകൊടുക്കും. ഒരു കാരണവശാലും അവരെ അവഗണിച്ചുകൊണ്ട് മുന്നോട്ടുപോകുന്ന സംവിധാനം ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉയർന്നുവരുന്നില്ല. പ്രയോറിറ്റി/നോൺ പ്രയോറിറ്റി ലിസ്റ്റിൽ ആരെയെല്ലാം ഉൾപ്പെടുത്തണം എന്നതുസംബന്ധിച്ച് കൃത്യമായ മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുള്ളതിനാൽ അതിന്മേൽ കൃത്യമായ തീരുമാനമെടുത്തുകൊണ്ട് ഗവൺമെന്റ് മുന്നോട്ട് പോകുകയാണ്. അതിന് കുറച്ച് സമയം വേണ്ടിവരും എന്നുള്ളതേയുള്ളൂ.

ചോദ്യം നമ്പർ *603

## സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന ഹോട്ടലുകൾ

*603. ശ്രീ. മുഹമ്മദ് മുഹസിൻ പി.:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീമതി സി.കെ. ആശ:
ശ്രീമതി ഗീതാ ഗോപി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും

സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹോട്ടൽ ഭക്ഷണത്തിന്റെ അമിതനിരക്ക് മൂലം സാധാരണക്കാരായ ജനങ്ങൾ ബുദ്ധിമുട്ടുന്ന സാഹചര്യത്തിൽ സിവിൽസപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ ഭക്ഷ്യസാധനങ്ങൾ നൽകുന്ന ഹോട്ടലുകൾ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ടോ; വിശദീകരിക്കുമോ;

(ബി) ഉണ്ടെങ്കിൽ എന്തൊക്കെ ഭക്ഷ്യസാധനങ്ങളാണ് പ്രസ്തുത ഹോട്ടലുകൾ മുഖേന നൽകുവാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കുമോ;

(സി) പ്രസ്തുത ഹോട്ടലുകൾക്ക് സബ്സിഡി നിരക്കിൽ സാധനങ്ങൾ നൽകുന്നതിന് സിവിൽസപ്ലൈസ് കോർപ്പറേഷൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ-സി) നിലവിൽ സപ്ലൈകോ ഭക്ഷണശാലകളുടെ പ്രവർത്തനം നടത്തുന്നില്ല. സബ്സിഡി നിരക്കിൽ ഭക്ഷ്യ സാധനങ്ങൾ നൽകുന്ന ഹോട്ടലുകൾ പുതുതായി ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല. ശബരിമല സീസണിൽ ജില്ലാ ഭരണകൂടങ്ങളുടെ ന്യായവില ഹോട്ടലുകൾ

പ്രവർത്തിക്കുകയാണെങ്കിൽ അവയ്ക്ക് സപ്ലൈകോ ബൾക്ക് നിരക്കിൽ സാധനങ്ങൾ സപ്ലൈ ചെയ്യുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, നമ്മുടെ നാട്ടിലെ ഹോട്ടലുകളിൽ നിലവിൽ ഭക്ഷണത്തിന് വളരെയേറെ വില ഈടാക്കുന്നുണ്ട്. കേരളത്തിന്റെ 60-ാം വാർഷികം ആഘോഷിക്കുന്ന ഈ സാഹചര്യത്തിൽ തമിഴ്നാട്ടിലെ അമ്മ ഹോട്ടൽ പോലെ, നമ്മൾ കേരളാ ഹോട്ടൽ ആരംഭിച്ച് സബ്സിഡി നിരക്കിൽ ഭക്ഷണം നൽകുന്ന സംവിധാനം ഏർപ്പെടുത്തേണ്ടതുണ്ട്. ഇക്കാര്യം പരിഗണനയിൽ ഇല്ലായെന്ന് പറഞ്ഞ സ്ഥിതിക്ക് ഹോട്ടലുകളിൽ സാധാരണക്കാരന് ന്യായവിലയ്ക്ക് ബേസ് ഭക്ഷണമെങ്കിലും ഉറപ്പാക്കാനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, നിലവിലുള്ള ഹോട്ടലുകളിൽ ഭക്ഷണ സാധനങ്ങൾക്ക് ഏകീകരിച്ച വില നിശ്ചയിക്കുക എന്നതിൽ പ്രായോഗികമായ ധാരാളം ബുദ്ധിമുട്ടുണ്ട്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതുസംബന്ധിച്ച ഒരു ബില്ല് അവതരിപ്പിക്കാൻ ശ്രമം നടത്തിയെങ്കിലും അതിന്റെ പ്രായോഗികത വച്ചുകൊണ്ട് അത് നടന്നില്ല. പ്രസ്തുത വിഷയം എങ്ങനെ കൈകാര്യം ചെയ്യാം എന്നത് സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുന്നുണ്ട്. ഓരോ ഹോട്ടലുകളും

ഭക്ഷണത്തിന് തോന്നുന്ന വിലയാണ് ഈടാക്കുന്നത്. ഭക്ഷണത്തിന്റെ ക്വാളിറ്റിപോലും അവർക്ക് ഉറപ്പുവരുത്താൻ സാധിക്കുന്നില്ല. ഇത്തരത്തിലുള്ള ധാരാളം ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. ഈയൊരു സാഹചര്യത്തിൽ ഇത്തരം പ്രശ്നങ്ങൾ എങ്ങനെ കൈകാര്യം ചെയ്യാം എന്നത് സംബന്ധിച്ച് ഒരു ചർച്ച നടത്തുകയുണ്ടായി. ഇതിന്മേൽ വീണ്ടും ചർച്ചകൾ ഫലപ്രദമായി നടത്തേണ്ടതുണ്ട്. എല്ലാവിഭാഗം ജനങ്ങളുടെയും അഭിപ്രായം പരിഗണിച്ചുകൊണ്ട് ഇത് പ്രായോഗികമായി എങ്ങനെ നടപ്പിൽ വരുത്താമെന്നതിനെക്കുറിച്ച് ഗവൺമെന്റ് ആലോചിക്കുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ പി.: സർ, താലൂക്ക് ആശുപത്രിയിലും ജില്ലാ ആശുപത്രിയിലും ജനറൽ ആശുപത്രിയിലും അതുപോലെത്തന്നെ മെഡിക്കൽ കോളേജിലും ആദിവാസികൾക്കും പാവപ്പെട്ട രോഗികൾക്കും അവരുടെ ബൈസ്റ്റാന്റേഴ്സിനും പലപ്പോഴും ഭക്ഷണം ലഭിക്കാത്ത അവസ്ഥ നിലനിൽക്കുന്നുണ്ട്. ആയതിനാൽ അവർക്ക് ഭക്ഷണം ലഭ്യമാക്കുന്നതിനുള്ള ഏതെങ്കിലും സംവിധാനം ഒരുക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഇപ്പോൾ ഇതിന്മേൽ ഒരു സംവിധാനവും നിലവിലില്ല. സന്നദ്ധ സംഘടനകളാണ് ഇത്തരത്തിലുള്ള ചുമതലകൾ

ഏറ്റെടുക്കുന്നത്. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പിന്റെ ഭാഗത്തുനിന്ന് യാതൊരു പരിശ്രമവും നടത്തുന്നില്ല. ഇത്തരം കാര്യങ്ങൾ ശ്രദ്ധിക്കേണ്ട വിഷയമായതിനാൽ ഇതിന്മേൽ എന്ത് നടപടികൾ സ്വീകരിക്കാൻ സാധിക്കുമെന്നതിനെക്കുറിച്ച് പരിശോധിക്കാം.

ശ്രീ. ചിറ്റയം ഗോപകുമാർ: സർ, നിലവിൽ മാവേലി ഹോട്ടൽ നടത്തുന്നത് സംബന്ധിച്ച് നൽകിയ മറുപടിയിൽ അങ്ങനെയൊന്ന് ആലോചിക്കുന്നില്ല എന്നാണ് പറഞ്ഞത്. കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് സഖാവ് ഇ. ചന്ദ്രശേഖരൻ നായർ ഭക്ഷ്യ വകുപ്പുമന്ത്രിയായിരുന്നപ്പോഴാണ് പാവപ്പെട്ട ആളുകൾക്ക് ഭക്ഷണം നൽകുന്നതിനുവേണ്ടി മാവേലി ഹോട്ടൽ ആരംഭിച്ചത്. അതിനുശേഷം ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ അത് നന്നായി നടത്തിക്കൊണ്ട് പോയിരുന്നു. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ് അത് നിറുത്തലാക്കിയത്. ന്യായ വിലയ്ക്ക് ഭക്ഷണം നൽകുമെന്നാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ പ്രകടന പത്രികയിൽ പറഞ്ഞിരിക്കുന്നത്. ആയതിനാൽ ഇതുസംബന്ധിച്ച് ഗവൺമെന്റ് ഗൗരവമായി

ആലോചിക്കുകയും പാവപ്പെട്ട ആളുകൾക്ക് ന്യായ വിലയ്ക്ക് ഭക്ഷണം നൽകുന്നതിനുള്ള പുതിയ സംവിധാനം ഏർപ്പെടുത്തുകയും ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇതുസംബന്ധിച്ച് ഗവൺമെന്റ് തീരുമാനമെടുക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, പണ്ട് മാവേലി ഹോട്ടലുകൾ നടത്തിയ സന്ദർഭം വ്യത്യസ്തമായിരുന്നു. അന്ന് നമുക്ക് യൂണിവേഴ്സൽ റേഷനിംഗ് ഉണ്ടായിരുന്നു. ഇന്ന് ടാർജറ്റഡ് റേഷൻ സംവിധാനമാണ് നിലനിൽക്കുന്നത്. കേന്ദ്രം സംസ്ഥാനത്തിന് അർഹതപ്പെട്ട അരിപോലും നൽകാതിരിക്കുന്ന പശ്ചാത്തലമാണ് ഇന്ന് നിലനിൽക്കുന്നത്. അതുകൊണ്ട് ഇന്ന് ലഭിക്കുന്ന അരികൊണ്ട് റേഷൻ വിതരണം നടത്തിയാൽ മാത്രമേ നമുക്ക് എത്ര സേവ് ചെയ്യാൻ സാധിക്കുമെന്ന് മനസ്സിലാക്കാൻ സാധിക്കൂ. ഇപ്പോൾ 1434 ക്ഷേമ സ്ഥാപനങ്ങൾക്ക് നമ്മൾ അരിയും ഗോതമ്പും നൽകുന്നുണ്ട്. ഇത്തരം കാര്യങ്ങളിൽ എന്ത് ചെയ്യാൻ സാധിക്കുമെന്നത് സംബന്ധിച്ച് ഈ പദ്ധതി നടപ്പിൽ വരുത്തിയതിനുശേഷമേ പറയാൻ സാധിക്കൂ. തമിഴ്നാട്ടിൽ അമ്മ ഹോട്ടൽ നടത്തുന്നതിനാവശ്യമായ അരി അവർക്കുണ്ട്. നമുക്കിവിടെ അരിയില്ല. ഏതായാലും കുടുംബശ്രീ പ്രസ്ഥാനം പോലുള്ള സംഘടനകൾ മുന്നോട്ട് വരാൻ തയ്യാറാകുമെങ്കിൽ നമുക്ക് അത്തരം സ്ഥാപനങ്ങളെ സഹായിക്കുന്നതിനെ

ക്കുറിച്ച് തീർച്ചയായും ആലോചിക്കാം.

<u>ശ്രീമതി സി. കെ. ആശ</u>: സർ, ദേശീയ ഭക്ഷ്യഭദ്രതാനിയമത്തിന്റെ പ്രധാനഘടകമായ സ്ത്രീ ശാക്തീകരണത്തിന്റെ മുന്നോടിയായി കുടുംബത്തിലെ മുതിർന്ന വനിതാ അംഗത്തിനെ കാർഡുടമയാക്കുന്ന നടപടി സംസ്ഥാനത്ത് നടപ്പിലാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് സ്ത്രീകൾ നടത്തുന്ന ഭക്ഷണശാലകൾ നിരവധിയുണ്ട്, ഇവർ നടത്തുന്ന ഹോട്ടലുകൾക്ക് ആവശ്യമായ അരിയും മറ്റ് പലവ്യഞ്ജന സാധനങ്ങളും സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സബ്സിഡി നിരക്കിൽ നൽകാൻ തയ്യാറാകുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, സിവിൽ സപ്ലൈസ് കോർപ്പറേഷൻ ഇപ്പോൾ തന്നെ സബ്സിഡി നിരക്കിലാണ് ഉല്പന്നങ്ങൾ നൽകുന്നത്. 13 ഉല്പന്നങ്ങൾ മാർക്കറ്റ് വിലയേക്കാൾ അൻപതും അൻപത്തിരണ്ട് ശതമാനവും വിലക്കുറവിൽ നൽകുന്നുണ്ട്. അത് തുടരുകയാണ്. ഏത് സന്ദർഭത്തിലും ഒരു കാരണവശാലും ആ സബ്സിഡി ഉല്പന്നങ്ങളുടെ വില വരുന്ന 5 വർഷക്കാലത്തേയ്ക്ക് ഉയർത്തില്ല എന്ന് ഈ ഗവൺമെന്റ് പരസ്യമായി പ്രഖ്യാപിച്ചതാണ്. അതിൽ ഒരു മാറ്റവും ഉണ്ടാവില്ല. അതോടൊപ്പം സബ്സിഡി ഇല്ലാത്ത ഉല്പന്നങ്ങൾക്കും മാർക്കറ്റ് റേറ്റിനേക്കാൾ കുറഞ്ഞ

നിരക്കിലാണ് ഇപ്പോൾ കോർപ്പറേഷൻ നൽകിക്കൊണ്ടിരിക്കുന്നത്. അത് തുടരും. മഹിളകൾക്ക് മാത്രമല്ല എല്ലാവർക്കും നൽകും. ബി.പി.എൽ. കാർഡുടമകളായിട്ടുള്ള മുഴുവൻ ആളുകൾക്കും, ഇനിമുതൽ മുൻഗണനാ പട്ടികയിൽ വരുന്ന മുഴുവൻ ആളുകൾക്കും ആ അവകാശം തീർച്ചയായിട്ടും ഉണ്ടാകും.

ശ്രീമതി ഗീതാ ഗോപി: സർ, അങ്ങയുടെ മറുപടി സ്ത്രീ സമൂഹത്തിന് നീതിപരമായി അർഹിക്കുന്നതാണ്. ഭക്ഷ്യഭദ്രതാനിയമം വരുമ്പോൾ പൊതുകമ്പോളം വിലക്കയറ്റത്തിന്റെ സമ്മർദ്ദത്തിലാകാൻ സാധ്യതയുണ്ട്. സാധാരണക്കാർക്ക് വിലകുറച്ച് ആഹാരം ലഭിക്കുന്നതിന് നമ്മുടെ ഗ്രാമങ്ങളിൽ പൊതു മാവേലി ഹോട്ടലുകൾ ഒരു ഗ്രാമത്തിൽ ഒരു ഹോട്ടലെങ്കിലും തുടങ്ങാൻ അങ്ങേയ്ക്ക് സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, മാവേലി ഹോട്ടൽ തുടങ്ങുന്നതിൽ പ്രായോഗിക പ്രശ്നങ്ങളുണ്ട്. മുൻപ് അത് തുടങ്ങിയിട്ട് എന്തുകൊണ്ട് നിന്നുപോയി എന്നുള്ള പ്രശ്നങ്ങൾ നമ്മുടെ മുൻപിലുണ്ട്. ആ സന്ദർഭമല്ല ഇപ്പോൾ. അന്ന് നമുക്ക് ആവശ്യത്തിന് അരി സുഭിക്ഷമായി കേന്ദ്രം തന്നിരുന്നു. ഇന്ന് നമുക്ക് ആവശ്യത്തിനുള്ള അരി ലഭിക്കുന്നില്ല. നമുക്ക് 16 ലക്ഷം മെട്രിക്

ടൺ അരി കിട്ടേണ്ട സ്ഥാനത്ത് 14.25 ലക്ഷം മെട്രിക് ടണ്ണാണ് ലഭിക്കുന്നത്. ഇത് വച്ചുകൊണ്ട് നമ്മൾ പുതിയൊരു സിസ്റ്റത്തിലേയ്ക്ക് വരികയാണ്. അത് നടപ്പിലാക്കിയിട്ട് നമ്മുടെ കയ്യിലെ സേവിംഗ്സ് ഉള്ളത്, കേന്ദ്ര വിഹിതം നമുക്ക് എത്രതരും ഈ പ്രശ്നങ്ങളെല്ലാം വച്ചുകൊണ്ടാണ് ഭാവിയിൽ അത്തരം കാര്യങ്ങളെ കുറിച്ച് ആലോചിക്കാനും തീരുമാനിക്കാനും കഴിയുന്നത്.

ശ്രീ. മുരളി പെരുനെല്ലി: സർ, അടുക്കളയുടെ വാതിൽ അടച്ചിട്ട് ഹോട്ടലുകളുടെ വാതിലിന് മുൻപിൽ ക്യൂ നിൽക്കുന്ന പ്രവണത കൂടി വരുന്ന സന്ദർഭത്തിൽ ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ വില നിയന്ത്രിക്കാനാവശ്യമായ നടപടി അടിയന്തരമായി എടുക്കേണ്ടത് ആവശ്യമാണ്. മെഡിക്കൽ കോളേജുകളിലും പ്രധാനപ്പെട്ട ആശുപത്രികളിൽ പ്രവർത്തിക്കുന്ന ക്യാന്റീനുകളിലെങ്കിലും സബ്സിഡി നിരക്കിൽ ഉൽപ്പന്നങ്ങൾ നൽകിക്കൊണ്ട് വില നിയന്ത്രിക്കാനാവശ്യമായ നടപടിയെടുക്കാൻ സാധിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഞാൻ ഇതിന് മറുപടി പറഞ്ഞതാണ്. അതിന്റെ പ്രായോഗിക പ്രശ്നങ്ങൾ ധാരാളമുണ്ട്. ഏതായാലും ഹോട്ടലുകൾ വലിയ തീവെട്ടിക്കൊള്ളയാണ് നടത്തുന്നത്. ഭക്ഷണം കഴിച്ച് കഴിഞ്ഞ് ബില്ല്

പേ ചെയ്യാൻ ചെല്ലുമ്പോഴാണ് കഴിച്ചത് മുഴുവൻ ദഹിച്ചുപോകുന്ന രൂപത്തിലുള്ള ബില്ല് ലഭിക്കുന്നത്. ആ പ്രശ്നങ്ങളെ നമുക്ക് എങ്ങനെ നേരിടാം എന്നതിനെ കുറിച്ച് സീരിയസായിട്ട് ആലോചിക്കുന്നതാണ്. ശബരിമല സീസൺ വരികയാണ്. രണ്ട് മൂന്ന് ജില്ലകളിലെ ഹോട്ടൽ വ്യാപാരികളെ വിളിച്ച് ഏകീകൃതമായ ഓരോ ഐറ്റംസ് ഇത്ര വിലയ്ക്ക് നൽകണമെന്ന രൂപത്തിലുള്ള ചർച്ച നടത്താൻ വേണ്ടി ശ്രമം നടത്തുകയാണ്. ആദ്യ പടിയായി അത് വിജയിക്കുകയാണെങ്കിൽ അത് മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കാൻ സാധിക്കും. ഒട്ടേറെ പ്രായോഗിക പ്രശ്നങ്ങളുള്ള ഒരു കാര്യമാണിത്. എന്നാൽ ജനങ്ങൾ ഏറ്റവും കൂടുതൽ പ്രയാസമനുഭവിക്കുന്ന ഒരു കാര്യം കൂടിയാണ്. അതുകൊണ്ട് ആ രംഗത്ത് എങ്ങനെ ഫലപ്രദമായിട്ട് ഇടപെടാം എന്നതിനെ സംബന്ധിച്ച് വളരെ സീരിയസായിട്ട് ഇനിയും ചർച്ച ചെയ്യുന്നതാണ്.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, ലക്ഷക്കണക്കിന് ഭക്തജനങ്ങൾ ഓരോ ദിവസവും എത്തിച്ചേരുന്ന ഒരു കേന്ദ്രമാണ് ശബരിമല. ശബരിമലയിലെത്തി ച്ചേരുന്ന ഭക്തജനങ്ങൾക്ക് ന്യായമായ വിലയ്ക്ക് ഭക്ഷണം ലഭ്യമാകാറില്ല. അവർ ചൂഷണത്തിന് വിധേയമാകുകയാണ്. മുൻകാലങ്ങളിൽ ശബരിമല കേന്ദ്രീകരിച്ചുകൊണ്ട് മാവേലി ഹോട്ടലുകൾക്ക് ആരംഭം കുറിച്ചിരുന്നു. മാവേലി

ഹോട്ടലുകൾക്ക് ആരംഭം കുറിച്ചു എന്നുള്ളതുകൊണ്ട് അവിടെ ന്യായമായ വിലയ്ക്ക് ഭക്ഷണസാധനങ്ങൾ ലഭ്യമാകാനുള്ള ഒരവസരം ഒരുക്കിയിരുന്നു. അത് തുടർന്നു കൊണ്ടുപോകാൻ ഈ ഗവൺമെന്റ് ആലോചിക്കുന്നുണ്ടോ, അത് വ്യക്തമാക്കുമോ; ഇപ്പോൾ അങ്ങനെയൊരു നടപടിയിലേയ്ക്ക് പോകുന്നില്ല എന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞത്. അങ്ങനെയുണ്ടെന്നുണ്ടെങ്കിൽ ഒരു പുനഃപരിശോധന നടത്തിക്കൊണ്ട് ശബരിമലയിൽ വരുന്ന ഭക്തജനങ്ങൾക്കെങ്കിലും ചൂഷണത്തിന് വിധേയമാകാതിരിക്കാൻ വേണ്ടി ന്യായമായ വിലയ്ക്ക് ഭക്ഷണം നൽകുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ശ്രീ. പി. തിലോത്തമൻ: സർ, ഭക്ഷ്യസിവിൽ സപ്ലൈസ് വകുപ്പ് നേരിട്ട് ഹോട്ടൽ നടത്താൻ ഉദ്ദേശിച്ചിട്ടില്ല. അതിന് ഒരുപാട് പ്രായോഗിക പ്രശ്നങ്ങളുണ്ട്. എന്നാൽ ഏതെങ്കിലും സന്നദ്ധ സംഘടനകളോ ജില്ലാ ഭരണകൂടങ്ങളോ മുന്നോട്ട് വന്നാൽ തീർച്ചയായിട്ടും അവരെ സഹായിക്കാൻ എങ്ങനെ കഴിയുമെന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്. ശബരിമല സീസണുമായി ബന്ധപ്പെട്ട് കോട്ടയം, ഇടുക്കി, പത്തനംതിട്ട ജില്ലകളിലെ ഹോട്ടലുടമകളുടെ യോഗം അടിയന്തരമായി വിളിക്കുന്നുണ്ട്. അങ്ങ് പറഞ്ഞതുപോലെ ചില നിർദ്ദിഷ്ട ഐറ്റംസ് ഇത്ര വിലയ്ക്ക് നൽകണമെന്ന

രൂപത്തിലുള്ള നിർദ്ദേശം ഗവൺമെന്റിന് മുൻപിലുണ്ട്. അത് വച്ചുകൊണ്ട് ചർച്ച ചെയ്ത് അതിന്മേൽ ഒരു തീർപ്പുണ്ടാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ശബരിമല സീസണിൽ ഈ രണ്ട് ജില്ലകളിലാണ് ഏറ്റവും പ്രധാനമായി ഹോട്ടലുകാർ തീവെട്ടിക്കൊള്ള നടത്തുന്നത്. മറ്റ് സ്ഥലങ്ങളിലും ഉണ്ടാകാം. ആ മേഖലയുമായി ബന്ധപ്പെട്ട് ചർച്ച നടത്താൻ തീരുമാനമെടുത്തിട്ടുണ്ട്. അത് നടത്തുന്നതാണ്.

ശ്രീ. കെ. രാജൻ: സർ, യു.പി.എ. സർക്കാർ കൊണ്ടുവന്ന ദേശീയ ഭക്ഷ്യ ഭദ്രതാനിയമം കഴിഞ്ഞ 3 വർഷമായി നടപ്പിലാക്കാത്തതിന്റെ പേരിൽ ഉളവായിട്ടുള്ള പ്രശ്നങ്ങൾ അടിയന്തരമായി പരിഹരിക്കാൻ അങ്ങയുടെ ഗവൺമെന്റ് എടുക്കുന്ന നടപടികൾ പൊതുവേ ശ്ലാഘനീയമാണ്. ഇവിടെ സിവിൽ സപ്ലൈസ് വകുപ്പ് വിതരണം ചെയ്യുന്ന നിരവധി ഇനങ്ങൾ അങ്ങ് സൂചിപ്പിച്ചു. അതിൽ പയർ വർഗ്ഗങ്ങളുടെ ഗുണനിലവാരം പരിശോധിക്കാൻ നിലവിൽ കോന്നിയിൽ മാത്രമാണ് ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറിയുള്ളത്. തുടർന്നും വിതരണം ചെയ്യുമ്പോൾ അത് വലിയ പ്രശ്നങ്ങളുണ്ടാക്കും. നാല് റീജിയണുകളിലും ക്വാളിറ്റി ടെസ്റ്റിംഗ് ലബോറട്ടറികൾ സ്ഥാപിച്ചുകൊണ്ട് പയറ് വർഗ്ഗങ്ങളുടെ കാര്യത്തിൽ ഉണ്ടാകുന്ന എന്ന് പറയപ്പെടുന്ന മായം ചേർക്കൽ

ഉൾപ്പെടെയുള്ള പ്രശ്നങ്ങളെ നേരിടാൻ കഴിയുമോ?

ശ്രീ. പി. തിലോത്തമൻ: സർ, അത് വകുപ്പിന്റെ ആലോചനയിലുള്ള കാര്യമാണ്. നിലവിൽ സപ്ലൈകോയുടെ കീഴിൽ സി.എഫ്.ആർ.ഡി. കോന്നിയിൽ ഒരു യൂണിറ്റ് വളരെ ഫലപ്രദമായി പ്രവർത്തിക്കുന്നുണ്ട്. ആരോഗ്യ വകുപ്പിന്റെ ഫുഡ് സെക്യൂരിറ്റി വകുപ്പിന് കീഴിൽ നിരവധി കേന്ദ്രങ്ങളുണ്ട്. ഇനിയും അത്തരം കേന്ദ്രങ്ങൾ കൂടുതലായിട്ട് ഉണ്ടാവേണ്ടത് ആവശ്യമാണ്. മായം ചേർന്ന ഭക്ഷണപദാർത്ഥങ്ങൾ, ഭക്ഷ്യവസ്തുക്കൾ ധാരാളമായി വിറ്റഴിക്കപ്പെടുന്ന സംസ്ഥാനമെന്ന നിലയിൽ ആ രംഗത്ത് കൂടുതൽ ശ്രദ്ധിക്കേണ്ടതുണ്ട് എന്നുള്ളതുകൊണ്ട് ഞങ്ങൾ മൊബൈൽ ലാബ് വേണമെന്ന തരത്തിലാണ് ആലോചിക്കുന്നത്. തീർച്ചയായിട്ടും അക്കാര്യങ്ങളിലേയ്ക്ക് പോകുന്നതാണ്.

ഭക്ഷ്യഭദ്രതാ നിയമം-ഫുഡ് അലവൻസ്

(*604) ശ്രീ. ജി.എസ്.ജയലാൽ:
ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. വി.ആർ. സുനിൽ കുമാർ:
ശ്രീ. എൽദോ എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭക്ഷ്യഭദ്രതാ നിയമം നടപ്പിലാകുമ്പോൾ ഭക്ഷണത്തിന് പകരം ഗുണഭോക്താക്കൾക്ക് ഫുഡ് അലവൻസ് തുക നല്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ടോ;

(ബി) റേഷൻ കടകളിൽ കൂടി അരിയും ഗോതമ്പും കൂടാതെ പ്രധാന പലവ്യഞ്ജനങ്ങളും വിതരണം ചെയ്യുവാൻ നടപടിയെടുക്കുമോ;

(സി) റേഷൻ കടകളിൽ ബയോമെട്രിക് യന്ത്രങ്ങൾ വയ്ക്കുന്ന സാഹചര്യത്തിൽ സർക്കാർ ക്ഷേമ പെൻഷനുകൾ, ബാങ്കിംഗ് സേവനങ്ങൾ തുടങ്ങിയവ ഈ സംവിധാനത്തിലൂടെ നൽകാൻ നടപടി സ്വീകരിക്കുമോ?

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, (എ) 2013-ലെ ഭക്ഷ്യ ഭദ്രതാനിയമത്തിന്റെ വകുപ്പ് (8) പ്രകാരം നിയമം വ്യവസ്ഥചെയ്യുന്ന ഭക്ഷ്യ/പോഷകാഹാര വിഹിതം ഗുണഭോക്താക്കൾക്ക് നൽകാൻ പറ്റാത്ത സാഹചര്യത്തിൽ, നിഷേധിക്കപ്പെടുന്ന പ്രയോജനം ഭക്ഷ്യഭദ്രതാ അലവൻസായി (Food Security allowance) ഓരോ വ്യക്തിക്കും അവരുടെ ബാങ്ക് അക്കൗണ്ട് വഴി നൽകുന്നതിന് വ്യവസ്ഥചെയ്തിട്ടുണ്ട്. ഇതുപ്രകാരം കേന്ദ്രസർക്കാർ ഫുഡ് സെക്യൂരിറ്റി അലവൻസ് റൂൾസ്, 2015 എന്ന പേരിൽ പ്രത്യേക ചട്ടവും 21-01-2015-ൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(ബി) 2016-17 ലെ ബഡ്ജറ്റിൽ റേഷൻ കടകളെ നവീകരിക്കാനും അവ പലചരക്ക് സാധനങ്ങൾ കൂടി ന്യായവിലയ്ക്ക് വിൽക്കുവാനുള്ള കടകളായി രൂപമാറ്റം വരുത്തുന്നത് പരിഗണിക്കുവാനും നിർദ്ദേശിച്ചിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിക്കുന്നതാണ്.

(സി) ആധാർ ബാങ്ക് അക്കൗണ്ടുമായി ബന്ധിപ്പിക്കുന്ന പ്രക്രിയ പൂർത്തിയാവുകയും, മറ്റ് സർക്കാർ വകുപ്പുകളുടെ ഡേറ്റാ ബേസ് പൊതുവിതരണ വകുപ്പിന്റെ ഡേറ്റാബേസുമായി ബന്ധിപ്പിക്കുകയും ചെയ്താൽ മാത്രമേ ഇത്തരം സേവനങ്ങൾ നൽകാൻ കഴിയുകയുള്ളൂ. ഈ പ്രവർത്തനങ്ങൾ നടന്നു വരികയാണ്.

<u>ശ്രീ. ജി. എസ്. ജയലാൽ</u>: സർ, ദേശീയ ഭക്ഷ്യഭദ്രതാനിയമം നടപ്പിലാക്കുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യം, ആരോഗ്യ വിദഗ്ദ്ധർ കണക്കാക്കിയിട്ടുള്ളത് ഒരു ഗ്രാമീണന് പ്രതിദിനം ശരാശരി 2300 കലോറി ഭക്ഷ്യോർജ്ജം ആവശ്യമാണെന്നാണ്. എന്നാൽ നിയമം അനുശാസിക്കുന്ന 5 കിലോ ഭക്ഷ്യധാന്യം കൊണ്ട് പരമാവധി ലഭിക്കാൻ സാധ്യതയുള്ളത് 333 കലോറി ഭക്ഷ്യോർജ്ജം മാത്രമാണ്. അരിയാഹാരം മുഖ്യമായിട്ട് എടുത്തിട്ടുള്ള മലയാളിയെ സംബന്ധിച്ച് പയറ് വർഗ്ഗങ്ങളും എണ്ണയും പഞ്ചസാരയും

ഉൾപ്പെടെ ഭക്ഷ്യോർജ്ജം ലഭ്യമാകുന്ന ധാന്യങ്ങൾ കൂടി വിതരണം ചെയ്താൽ മാത്രമേ യഥാർത്ഥ ഭക്ഷ്യഭദ്രതാനിയമം നടപ്പിലാകൂ എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; അത് കേന്ദ്ര ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തി അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

<u>ശ്രീ. പി. തിലോത്തമൻ</u>: സർ, അരിയും ഗോതമ്പും മാത്രമല്ല മറ്റ് ധാന്യങ്ങളും നൽകുമെന്നാണ് ആക്ടിൽ പറയുന്നത്. അത് ഇനിയുള്ള ദിവസങ്ങളിലേ അറിയാൻ കഴിയൂ. ഒരു ബി.പി.എൽ. കുടുംബത്തിന് 25 കിലോ അരിയാണ് നൽകിയിരുന്നതെങ്കിൽ ഒരു കുടുംബത്തിലെ പ്രയോറിറ്റി ലിസ്റ്റിലെ ഒരംഗത്തിന് 5 കിലോ അരി വീതം നൽകുന്നുണ്ട്. അപ്പോൾ 5 അംഗങ്ങളുള്ള ഒരു വീട്ടിൽ 25 കിലോ അരി കിട്ടും. 18 അംഗങ്ങളുള്ള വീട്ടിൽ 90 കിലോ അരി കിട്ടും. 18 അംഗങ്ങളുള്ള ഒരു വീട്ടമ്മ എന്നെ ഇന്നലെ വിളിച്ചിരുന്നു. അവർക്ക് 90 കിലോ അരി കിട്ടും. കലോറിയൊക്കെ പിന്നീട് കൂട്ടാം.

(2) <u>273-ാം നമ്പർ നക്ഷത്ര ചിഹ്നമിട്ട ചോദ്യത്തിന് നൽകിയ മറുപടി തിരുത്തിക്കൊണ്ട് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി ഡോ. കെ.ടി. ജലീൽ 2016</u>

ഒക്ടോബർ 28-ന് നൽകിയ മറുപടിയെ ആധാരമാക്കിയുള്ള ഉപചോദ്യങ്ങൾ

സംയോജിത നീർത്തട പരിപാലന പദ്ധതി

(*273) ശ്രീ. എ. പി. അനിൽകുമാർ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എൽദോസ് കുന്നപ്പിള്ളി:
ശ്രീ. കെ. എസ് ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗ്രാമീണ ജനതയുടെ വരുമാന സ്രോതസ്സ് മെച്ചപ്പെടുത്തി ജീവിത നിലവാരം ഉയർത്തുന്നതിന് സംയോജിത നീർത്തട പരിപാലന പദ്ധതി എങ്ങനെയാണ് പ്രയോജനപ്പെടുത്തിയത്; വിശദമാക്കാമോ?

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാൻ ലക്ഷ്യമിട്ടിരുന്നത്; വിശദമാക്കാമോ?

(സി) പദ്ധതി നടത്തിപ്പിനായി ബ്ലോക്ക് പഞ്ചായത്തുകളെ സഹായിക്കാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടത്; വിശദമാക്കാമോ?

(ഡി) പദ്ധതി പ്രവർത്തനത്തിന് ജില്ലാ ബ്ലോക്ക് പഞ്ചായത്തുകളെ എങ്ങനെയാണ് ശാക്തീകരിച്ച് വിശദാംശങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ,

(എ) നേരത്തെ സംയോജിത നീർത്തട പരിപാലന പദ്ധതി (IWMP) സ്വതന്ത്രമായ ഒരു പദ്ധതിയായിരുന്നു. ഇപ്പോൾ PMKSY-യുടെ നാല് ഘടകങ്ങളിൽ ഒന്നായി അത് മാറിയിട്ടുണ്ട്. നീർത്തട പരിപാലന പദ്ധതിയനുസരിച്ച് ഇതിനകം സംസ്ഥാനത്തെ 2760 Joint Liability Group (J.L.G) കൾക്കായി 7,41,00,000/- (ഏഴ് കോടി നാൽപത്തൊന്ന് ലക്ഷം രൂപ) പ്രാരംഭ മൂലധനമായി നൽകിയിട്ടുണ്ട്. ആട് വളർത്തൽ, കോഴി വളർത്തൽ, ജൈവപച്ചക്കറി കൃഷി, ചെറുകിട സംരംഭങ്ങളായ തയ്യൽ യൂണിറ്റ്, അച്ചാർ, പപ്പടം, കറിപൗഡർ യൂണിറ്റുകൾ, ഈറ്റ, മുള മുതലായവ ഉപയോഗിച്ചുള്ള കരകൗശല വസ്തുക്കളുടെ നിർമ്മാണം എന്നിവയാണ് പദ്ധതിക്ക് കീഴിൽ നടന്നു വരുന്നത്.

(ബി) മണ്ണ്, ജലം, ജൈവ സമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി

വിഭവങ്ങൾ സംരക്ഷിക്കലും, കാർഷിക മേഖലയിൽ ഉൽപാദനക്ഷമത വർദ്ധിപ്പിക്കലും, ഗ്രാമീണ ജനതയുടെ ജീവിത നിലവാരം അഭിവൃദ്ധിപ്പെടുത്തലുമാണ് സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ലക്ഷ്യം.

(സി) പദ്ധതിയുടെ നിർവ്വഹണ ഏജൻസിയായി പ്രവർത്തിക്കുന്ന ബ്ലോക്ക് പഞ്ചായത്തുകൾക്ക് സാങ്കേതിക സഹായം നൽകുന്നതിനായി സാങ്കേതിക വിദഗ്ദ്ധർ അടങ്ങിയ Water Shed Development Team (WDT) രൂപീകരിച്ച് പദ്ധതിയുടെ നിർവ്വഹണം കാര്യക്ഷമമാക്കുന്നു. ബ്ലോക്ക്തല പ്രസിഡന്റ് അധ്യക്ഷനായുള്ള ബ്ലോക്ക്തല കോ-ഓർഡിനേഷൻ കമ്മിറ്റിയും രൂപീകരിച്ച് പദ്ധതി പ്രവർത്തനങ്ങൾക്ക് മേൽനോട്ടം വഹിച്ചുവരുന്നു.

(ഡി) ജില്ലാ തലങ്ങളിൽ പദ്ധതി നിർവ്വഹണം കാര്യക്ഷമമാക്കാൻ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് അദ്ധ്യക്ഷനായുള്ള Watershed Cell Cum Data Centre (WCDC) രൂപീകരിച്ചിട്ടുണ്ട്. സംയോജിത നീർത്തട പരിപാലന പദ്ധതിയുടെ ആസൂത്രണവും നിർവ്വഹണവും ജില്ലാ ആസൂത്രണ സമിതിക്കാണ്, DPC-യെ ഇക്കാര്യത്തിൽ സഹായിക്കുന്നതിനായി ഒരു കോ-ഓർഡിനേഷൻ കമ്മിറ്റിയും പ്രവർത്തിച്ചുവരുന്നുണ്ട്.

ശ്രീ. എ. പി. അനിൽകുമാർ : സർ, കേരള നിയമസഭയുടെ ചരിത്രത്തിൽ അപൂർവ്വമായിട്ടാണ് തിരുത്തിയ ഉത്തരങ്ങൾക്ക് ഫ്ലോറിൽതന്നെ വീണ്ടും ഉപചോദ്യം ചോദിക്കുവാനുള്ള അവസരം ലഭിക്കുന്നത്. ഞാൻ മനസ്സിലാക്കുന്നത് ശരിയാണെങ്കിൽ 30 വർഷം മുമ്പ് ശ്രീ. വി. എം. സുധീരൻ നിയമസഭാ സ്പീക്കറായിരിക്കുമ്പോൾ ആണ് 25.03.1986- ന് ഇത്തരത്തിലുള്ള അവസരം ലഭിച്ചത്. പ്രതിപക്ഷ നേതാവുകൂടി ആവശ്യപ്പെട്ടതനുസരിച്ച് ഇത്തരം ഒരു അവസരം നല്കിയതിന് ബഹുമാനപ്പെട്ട സ്പീക്കറെ ഞാൻ പ്രത്യേകം അഭിനന്ദിക്കുകയാണ്.

മി. സ്പീക്കർ : 1986 മാർച്ച് 24-ന് ശ്രീ. വി.ജെ. തങ്കപ്പന്റെ ചോദ്യത്തിന് ഒരു റൂളിംഗുണ്ടായിരുന്നു. തിരുത്തിയ ഉപചോദ്യം അനുവദിക്കുന്നത് 9.30 -നും 9.35 - നുള്ളിലാണ്. അഞ്ചു മിനിട്ടുകൊണ്ട് തീർക്കുക എന്നുള്ളതാണ്.

ശ്രീ. എ. പി. അനിൽകുമാർ : സർ, അങ്ങ് ഓർമ്മിപ്പിച്ചത് നന്നായി. സഭ അറിഞ്ഞിരിക്കേണ്ട കാര്യമാണിത്. അങ്ങയെ അഭിനന്ദിക്കേണ്ട കാര്യമാണ്. സമയക്കുറവുകൊണ്ട് ഞാൻ ചോദ്യം ചുരുക്കുകയാണ്.

കൂടുതൽ മേഖലയിലേക്ക് ഈ പദ്ധതി വ്യാപിപ്പിക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, Integrated Watershed Management

Programme (IWMP) 2010-11-ലാണ് നമ്മുടെ രാജ്യത്ത് ആരംഭിച്ചത്. സംസ്ഥാനത്ത് 83 പ്രോജക്റ്റുകൾക്കാണ് അംഗീകാരം കിട്ടിയത്. 64 ബ്ലോക്കുകളിലായി അത് ഫലപ്രദമായി വിനിയോഗിച്ചു. ഈ വർഷം ഏതാണ്ട് 304 കോടി രൂപയുടെ പദ്ധതികൾ തയ്യാറാക്കിക്കഴിഞ്ഞു. ഇതിൽ 11 കോടി രൂപ നമുക്ക് ഇതിനകം ലഭിച്ചു. സംസ്ഥാനത്തിന്റെ മറ്റ് ബ്ലോക്കുകളിലേക്കുകൂടി ഈ പദ്ധതിയുടെ പ്രയോജനം ലഭ്യമാക്കാനാണ് ശ്രമിക്കുന്നത്.

<u>ശ്രീ. എ. പി. അനിൽകുമാർ</u> : സർ, ഈ സംയോജിത പദ്ധതി ഒരു സ്വതന്ത്ര പദ്ധതിയായിരുന്നു. PMKSY - യുടെ നാല് ഘടകങ്ങളിൽ ഒന്നായിട്ടാണ് വരുന്നത്. കേന്ദ്ര ഗവൺമെന്റ് നേരത്തെ ഈ പദ്ധതിക്കുവേണ്ടി അനുവദിച്ചിരുന്ന പണം ഇപ്പോൾ ലഭ്യമാണോ അതിൽ എന്തെങ്കിലും കുറവ് വരുത്തിയിട്ടുണ്ടോ?

<u>ഡോ. കെ. ടി. ജലീൽ</u> : സർ, നേരത്തെ ഇത് IWMP ആയിരുന്ന സമയത്ത് 90 ശതമാനം കേന്ദ്ര വിഹിതവും 10 ശതമാനം സംസ്ഥാന വിഹിതവുമായിരുന്നു. എന്നാൽ പിന്നീട് അത് പി.എം.കെ.എസ്.വൈ. ആയിട്ട് മാറ്റപ്പെടുകയാണുണ്ടായത്. ആ സമയത്ത് കേന്ദ്രവിഹിതം 60 ശതമാനവും സംസ്ഥാന വിഹിതം 40 ശതമാനവുമായിട്ട് മാറുകയാണുണ്ടായത്.

<u>ശ്രീ. പി. ടി. തോമസ്</u> :സർ, സംയോജിത നീർത്തട പരിപാലന പദ്ധതി പ്രധാനമന്ത്രി കൃഷി സിഞ്ചായി യോജനയായി മാറിയപ്പോൾ 19.7.2016- ൽ അങ്ങ് നൽകിയ ഉത്തരത്തിൽ 9 ശതമാനം ദാരിദ്ര്യലഘൂകരണ പദ്ധതികൾക്കായി മാറ്റിവയ്ക്കുമെന്ന് പറഞ്ഞിരുന്നു. അതിനെ തുടർന്നുണ്ടായ സംഭവവികാസങ്ങളാണ് ചോദ്യം മാറുന്നതിനുള്ള കാരണമായത്. ഈ നാല് ഘടകങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത് മണ്ണ്, ജലം, ജൈവസമ്പത്ത് എന്നിവ വർദ്ധിപ്പിക്കുക എന്നുള്ളതാണ്. അതിന് യഥാർത്ഥത്തിൽ നമ്മുടെ മലമ്പ്രദേശങ്ങൾ പ്രത്യേകിച്ച് 182 ബ്ലോക്ക് പഞ്ചായത്തുകൾ മുഖേന നടപ്പാക്കുന്ന ഈ പദ്ധതികൾക്ക് വാട്ടർഷെഡ് സെൽ കം ഡാറ്റാ സെന്ററിന്റെ പ്രവർത്തനം ജില്ലാതലത്തിലും അതുപോലെ വാട്ടർഷെഡ് ഡെവലപ്പ്മെന്റ് ടീമിന്റെ പ്രവർത്തനം ബ്ലോക്കുതലത്തിലും ഏകോപിപ്പിച്ചുകൊണ്ട് യഥാർത്ഥത്തിൽ മണ്ണൊലിപ്പ് തടയുന്നതിന് 80 ശതമാനം പണം കയ്യാല പദ്ധതിക്ക് മാറ്റിവച്ചാൽ മാത്രമേ വരൾച്ച പോലുള്ള ദുരന്തങ്ങൾ നമുക്ക് ഒഴിവാക്കാൻ കഴിയൂ. ആ നിലയ്ക്ക് കാര്യങ്ങൾ തിരിച്ചുവിടുന്നതിന് ഗൗരവതരമായി ആലോചിക്കുമോ?

<u>ഡോ. കെ. ടി. ജലീൽ</u>: എല്ലാ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കും ശക്തമായ

കർക്കശമായ നിർദ്ദേശങ്ങളുണ്ട്. അതനുസരിച്ചാണ് പദ്ധതി വിഹിതത്തിന്റെ 9 ശതമാനം ജീവനോപാധികൾക്കായി നീക്കിവയ്ക്കാമെന്ന് തീരുമാനിക്കുന്നത്. അതുപോലെ ഭരണച്ചെലവിനായി 10 ശതമാനവും മണ്ണ്, ജല സംരക്ഷണം എന്നിവയ്ക്കായി നീക്കിവയ്ക്കാൻ കഴിയുന്നത്, നിലവിലുള്ള നിയമമനുസരിച്ച് 56 ശതമാനവും കാർഷിക ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിന് 10 ശതമാനവും നീക്കിവയ്ക്കണം. അതുപോലെ മറ്റു ചെലവുകൾക്കായി അഞ്ചു ശതമാനം നീക്കിവയ്ക്കണം. സംസ്ഥാനത്തിന് സ്വന്തമായി ഈ വ്യവസ്ഥയിൽ മാറ്റം വരുത്താൻ നിലവിൽ സാധിക്കാത്ത സ്ഥിതിയാണുള്ളത്.

<u>മി. സ്പീക്കർ</u> : ശ്രീ. എൽദോസ് കുന്നപ്പിള്ളി, not in the seat.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u> : സർ, നമ്മുടെ നാട്ടിലെ മണ്ണ്, ജലം, ജൈവസമ്പത്ത് എന്നീ അടിസ്ഥാന പ്രകൃതി വിഭവങ്ങൾ സംരക്ഷിക്കുക എന്നുള്ളതാണ് ഈ പ്രോജക്ടിന്റെ പ്രധാനപ്പെട്ട ലക്ഷ്യം. ഈ പ്രോജക്ടുകളുടെ ഭാഗമായി ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾക്ക് ഏഴര കോടി രൂപയുടെ പദ്ധതികൾക്ക് മൂലധനം നൽകിയിട്ടുണ്ടെന്ന് അങ്ങ് പറയുന്നുണ്ട്. ഈ പദ്ധതികൾ ആവിഷ്ക്കരിക്കുമ്പോൾ അതാത് പ്രദേശങ്ങളിലെ പ്രത്യേകതകൾ കണക്കിലെടുത്ത്, ഉദാഹരണത്തിന് എന്റെ മണ്ഡലം ഉൾപ്പെടുന്ന മലയോര

മേഖലകളിൽ ഈറ്റ, മുള, തേൻ തുടങ്ങിയവ ഉപയോഗിച്ച് പദ്ധതികൾ തയ്യാറാക്കാൻ സാധിക്കും. സ്ഥലത്തിന്റെ പ്രത്യേകതകൾ മനസ്സിലാക്കി അതിനനുസൃതമായ പ്രോജക്ടുകൾ തയ്യാറാക്കുമോ?

ഡോ. കെ. ടി. ജലീൽ : സർ, ഈ പദ്ധതി നടപ്പിലാക്കുന്നതിനായി ഓരോ ബ്ലോക്കിലും വാട്ടർഷെഡ് ഡെവലപ്മെന്റ് ടീം എന്നു പറയുന്ന സാങ്കേതികവിദഗ്ദ്ധർ അടങ്ങുന്ന ഒരു വിംഗുതന്നെയുണ്ട്. അവരാണ് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്കനുസൃതമായി ഇതിനനുയോജ്യമായിട്ടുള്ള പദ്ധതികൾ തെരഞ്ഞെടുക്കുന്നത്.

മി. സ്പീക്കർ : ഓർഡർ.. ഓർഡർ..... ചോദ്യോത്തരസമയം കഴിഞ്ഞു.